

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാറശ്ശാല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP1/794 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 25/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പാറശ്ശാല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP1/794 /2022 തീയ്യതി: 25/06/2022

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 51 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ശ്രീജ. കെ	ഡെപ്യൂട്ടി ഡയറക്ടർ	18-04-2022	29-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-04-2022	29-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ ജി ആർ, ഓഡിറ്റർ സീനിയർ ഗ്രേഡ്
ശ്രീമതി പ്രിയദർശിനി എസ് ആർ, ഓഡിറ്റർ
ശ്രീ. രൺജിത്ത് സി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എസ് സുരേഷ്	പ്രസിഡന്റ്	01-04-2020	02-11-2020
അഡ്മിനിസ്ട്രേറ്റീവ് ഭരണം	പ്രസിഡന്റ്	03-11-2020	20-12-2020
ശ്രീമതി മഞ്ജുസ്മിത	പ്രസിഡന്റ്	21-12-2020	31-03-2021
ശ്രീ.ചന്ദ്രലാൽ	സെക്രട്ടറി	01-04-2020	03-08-2020
ശ്രീ.ഹരി .ജി.എസ്	സെക്രട്ടറി	03-08-2020	17-03-2021
ശ്രീമതി അജിതകുമാരി എ വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	18-03-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. അഖില എം യു	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീ. രതീഷ് ആർ എസ്	വി ഇ ഒ സർക്കിൾ ബി	01-04-2020	10-01-2021
ശ്രീ. ദീപു ബി എൽ	വി ഇ ഒ സർക്കിൾ ബി ഇൻ ചാർജ്ജ്	11-01-2021	31-03-2021
ശ്രീ.ദീപു ബി എൽ	വി ഇ ഒ സർക്കിൾ എ	01-04-2020	31-03-2021
ശ്രീ.ഷെറീന വൈ എസ്	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2020	31-03-2021
ഡോ. ലിജിമോൾ	മെഡിക്കൽ ഓഫീസർ പി എച്ച് സി	01-04-2020	31-03-2021

ശ്രീമതി. ജയറാണി എൽ എസ്	എച്ച് എം	01-04-2020	31-03-2021
ശ്രീ. ടി എസ് ക്ലമന്റ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	31-03-2021
ഡോ. അനി ബ്രിസ്ക്കില്ല	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ശ്രീമതി. അജിതകുമാരി എ വി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ഡോ.കെ പി സിന്ധുറാണി	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	01-04-2020	31-03-2021
ശ്രീ. എ എസ് ശ്രീകുമാർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സംയുക്ത പ്രോജക്ടുകളുടെ ചെലവഴിക്കാത്ത തുകകൾ തനത് ഫണ്ടിൽ അവശേഷിക്കുന്നു	1-3-1
4	ഗ്രാന്റ് വിനിയോഗം	1-3
5	പദ്ധതി അവലോകനം	1-4
6	മരണപ്പെട്ടവർക്ക് പെൻഷൻ നൽകി	1-5-1
7	ക്ഷേമ പദ്ധതികൾ	1-5
8	ക്യാഷ് പരിശോധന	1-6
9	ആഭ്യന്തര നിയന്ത്രണം	1-7
10	തൊഴിലുറപ്പ് പദ്ധതി	1-8
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
12	വാടക കൃത്യമായി ഈടാക്കിയിട്ടില്ല.	1-10
13	തൊഴിൽ നികുതി - അപാകതകൾ	1-11
14	ട്രേഡേഴ്സ് രജിസ്ററർ തയാറാക്കിയിട്ടില്ല.	1-12
15	റേഷൻകടകളിൽ നിന്നും ലൈസൻസ്,തൊഴിൽ നികുതി ഈടാക്കിയില്ല.	1-13
16	ഭരണസമിതി തീരുമാനമില്ലാതെ ലേല നടപടികൾ നിർത്തി വച്ചു.	1-14
17	വിമുക്ത ഭടന്മാരുടെ പക്കൽ നിന്നും സാക്ഷ്യപത്രം/ സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല.	1-15
18	മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.	1-16
19	സമീപ പ്രദേശത്തുള്ള കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി	1-17
20	വീട് വാസയോഗ്യമാക്കൽ , അവശ്യ രേഖകൾ അപൂർണം.	1-18
21	രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണം	1-19
22	കരാർ റദ്ദ് ചെയ്തിട്ടും തുക തിരികെ ഈടാക്കിയിട്ടില്ല.	1-20
23	ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല- 3 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.	1-21
24	പർച്ചെയ്സുകൾ ഭരണസമിതി അംഗീകരിച്ച തീരുമാനം ലഭ്യമാക്കിയില്ല	1-22
25	പൊതുശുചീകരണ പ്രവർത്തനങ്ങൾ - ചെലവുരേഖകൾ ക്രോഡീകരിച്ച് ലഭ്യമാക്കിയില്ല- 8 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.	1-23

26	പേപ്പർ ബാഗ് നിർമാണ യൂണിറ്റ്- അടങ്കൽ, ചെലവ്, തുടർനടപടി വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.	1-24
27	ജനകീയ ഹോട്ടൽ - അവലോകനം	1-25
28	തെരുവുവിളക്ക് മെയിന്റൻസ് - അപാകതകൾ	1-26
29	ഗ്രാമപഞ്ചായത്ത് ഡോക്യുമെന്റേഷൻ - രേഖകൾ ലഭ്യമാക്കിയില്ല.	1-27
30	പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്കുള്ള ചെലവ് -	1-28
31	തെരുവുവിളക്ക് മെയിന്റൻസ് - അപാകതകൾ	1-29
32	സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല, രേഖകൾ ലഭ്യമാക്കിയില്ല- 3,85,583/- രൂപ തടസ്സപ്പെടുത്തുന്നു.	1-30
33	ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - ചെലവുരേഖകൾ ഹാജരാക്കിയില്ല 90,000 /- രൂപ തടസ്സപ്പെടുത്തുന്നു.	1-31
34	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 3456398/- രൂപ തടസ്സപ്പെടുത്തുന്നു.	1-32
35	ആയുർവ്വേദ ആശുപത്രി ഭൌതിക നിലവാരം ഉയർത്തൽ - 12437/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-33
36	ഫർണിച്ചർ വാങ്ങൽ - ചെലവുതുകയിൽ വ്യക്തതയില്ല- 168900/- രൂപ തടസ്സപ്പെടുത്തുന്നു.	1-34
37	കുടിവെള്ള വിതരണം- അപാകതകൾ	1-35
38	പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല	1-36
39	ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.	1-37
40	ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല	1-38
41	ജനറേറ്ററിന്റെ ലോഗ് ബുക്ക് , ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല	1-39
42	കോവിഡ് പ്രവർത്തനം- അവലോകനം	1-40
43	മാറ്റിവച്ച ശമ്പളം തിരികെ നൽകിയതിലെ അപാകതകൾ	1-41
44	വികസന ഫണ്ട് (റ്റി.എസ്.പി) - റ്റി.എസ്.പി ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമല്ല.	1-42
45	റിക്കവറിയിനത്തിൽ കുറവുചെയ്ത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയില്ല- 28022/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-43
46	ചെലവുരേഖകളില്ല- 293126/- രൂപ തടസ്സപ്പെടുത്തുന്നു.	1-44
47	ബില്ലുകൾ, ചെലവുരേഖകൾ, ബന്ധപ്പെട്ട വൌച്ചറുകൾ ലഭ്യമാക്കിയിട്ടില്ല - 454568/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-45
48	വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.	1-46
49	അസറ്റ് മാനേജ്മെന്റ് - സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്	1-47

50	ടെൻഡർ എക്സ്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാർ നേടിയ വ്യക്തി പ്രവൃത്തി പൂർത്തിയാക്കി	1-48
51	മെയിന്റനൻസ്, അടിസ്ഥാന സൌകര്യ വികസനം പദ്ധതി ലക്ഷ്യം കണ്ടില്ല	1-49
52	ജൈവ പച്ചക്കറി കൃഷി - പച്ചക്കറി തൈകൾ ലഭ്യമായിട്ടില്ല	1-50
53	സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം	1-51
54	ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം ലഭ്യമായിട്ടില്ല	1-52
55	സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് മുൻപേ സ്മാർട്ട്ക്ലാസ് റൂം ഉപകരണങ്ങൾ വാങ്ങി.	1-53
56	വെറ്റിനറി സർജൻ- പദ്ധതി ഫണ്ടിൽ നിന്നും അധികം ചെലവ് ചെയ്ത തുക -211000 അടയ്ക്കണ്ടതാണ്.	1-54
57	കന്നുക്കുട്ടി പരിപാലനം പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 375000/- രൂപ തടസ്സപ്പെടുത്തുന്നു.	1-55
58	എ ബി സി പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 98700/- രൂപ തടസ്സപ്പെടുത്തുന്നു.	1-56
59	വായ്പ വായ്പാ തിരിച്ചടവ് - രജിസ്റ്റർ പരിപാലിക്കുന്നില്ല	1-57

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ /വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ് സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്.

പഞ്ചായത്ത് ഭരണസമിതിയുടെ 27.03.2020 തീയതിയിലെ I(1) തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. മുൻബാക്കി 102984874/- രൂപയും, പ്രതീക്ഷിത വരുമാനം 504579000/-രൂപയും ചേർത്ത് ആകെ വരവ് 607563874/-രൂപയും ആകെ ചെലവ് 573014342/-രൂപയും നീക്കിബാക്കി 34549532/-രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്. റിവൈസ്ഡ് ബജറ്റ് 20.02.2021 ലെ I(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് 569574817/- രൂപയും ചെലവ് 535845446/-രൂപയും 33729371/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

1-2 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഫയൽ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 44/27.04.2022 ന് മറുപടി ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

1-1-3 ബജറ്റ് മാന്വൽ ഖണ്ഡിക 4-7 പ്രകാരം ഓരോ ഇനത്തിനും ബജറ്റിൽ വകയിരുത്തിയതിനനുസരിച്ച തുക മാത്രമാണ് ചെലവഴിക്കാൻ കഴിയുന്നത്. എന്നാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികം തുക ചെലവഴിച്ച ഏതാനും അക്കൌണ്ട് ഹെഡ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൌണ്ട് ഹെഡ്	ബജറ്റ് പ്രകാരം വകയിരുത്തിയ തുക	വാർഷിക കണക്കുകൾ പ്രകാരം ചെലവ്
230500501	100000/-	527396/-
230500601	100000/-	473999/-
230509901	10,00,000/-	33,53,539/-
252300101	800000/-	35,22,403/-
253100101	1000000/-	1461003/-

1-1-4 ബജറ്റിൽ തുക വകയിരുത്താതെ ചെലവഴിച്ചു. ഉദാ. ചുവടെ ചേർക്കുന്നു.

അക്കൌണ്ട് ഹെഡ്	ബജറ്റ് പ്രകാരം വകയിരുത്തിയ തുക	വാർഷിക കണക്കുകൾ പ്രകാരം ചെലവ്
251100601	0	1000000/-
251420201	0	152234/-

252200501	0	199848/-
253100601	0	140960/-

ബജറ്റ് മാന്വലിലെ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതും മേൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി	വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.7.2021	22.07.2021	-	-

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ് പ്രകാരം വരവിനേക്കാൾ കൂടുതൽചെലവ് ബുക്ക് ചെയ്തിരിക്കുന്നു.(വരവ് 310720019 ചെലവ് 336630786)

2. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

3. കാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ Net Cash Generated എന്നത് Net Increase/Decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല.

4. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios), നോട്ട് ഓൺ അക്കൌണ്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

5.ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അക്കൌണ്ടുകളുടെ പാസ് ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി അക്കൗണ്ടുകളുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ.

	01.04.2020 ലെ മുന്നിരുപ്പ്	31.03.2021 ലെ നീക്കിയിരുപ്പ്
കാനറാ ബാങ്ക്- പാറശ്ശാല ഫെസ്റ്റ്	14179	14179
കാനറാ ബാങ്ക് - Swiping	2269	2269
ഡി സി ബി -തനത് ഫണ്ട്	2184	2184
എസ് ബി റ്റി ലിറ്ററസി	1184	1184
സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ (ലൈഫ്)	-	1846641
എസ്.ബി.ഐ ലൈഫ്- ഇ പേയ്മെന്റ്	2765503	1275344

6. TDCB പാറശ്ശാല ബ്രാഞ്ചിൽ നിലവിലുള്ള അക്കൌണ്ടിൽ നീക്കിയിരിപ്പായി 9579/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. എൽ.ജി.റ്റി.എസ്.ബി (തനത് ഫണ്ട്) അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രിക പ്രകാരം 2ചെക്കുകൾ പണമാക്കാത്തതായി കാണുന്നു (Cheques Deposited But Not Collected). പ്രസ്തുത ചെക്കുകൾ/ ഡി.ഡി ഏതിനത്തിലെ വരവാണെന്ന് ഡേബുക്കിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കിയിട്ടില്ല. ചെക്കുകൾ ആരാണ് ലഭ്യമാക്കിയത് എന്ന വിവരവും ലഭ്യമല്ല.

ഡി ഡി/ ചെക്കിന്റെ വിശദാംശം ചുവടെ

ഇൻസ്ട്രുമെന്റ് നം	തീയതി	തുക
3608	27.03.21	29750
1787320	05.10.20	681458

8. സെൻട്രൽ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം, ഇഷ്യൂ ചെയ്തിട്ടും 3 മാസത്തിനുള്ളിൽ ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത 164349/- രൂപയുടെ ചെക്കുകൾ പ്രകാരമുള്ള തുകകൾ ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheques ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല

9. സെൻട്രൽ ബാങ്ക് തനത് ഫണ്ട് അക്കൌണ്ടിൽ മൂന്ന്മാസത്തിലധികമായി കളക്ഷനാകാത്ത 3,28,168/- രൂപയുടെ ചെക്കുകൾ അവശേഷിക്കുന്നു (റീകൺസിലിയേഷൻ പത്രികമാർച്ച് 2021 പ്രകാരം). ഇത്രയും തുക പണമാകാത്തതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ, തുക ഏതിനത്തിൽ ലഭിച്ചതാണ്, തുക പണമാകാത്ത വിവരം ചെക്ക്/ ഡി ഡി ലഭ്യമാക്കിയ വ്യക്തിയെ അറിയിച്ചിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമല്ല.

10. വി ഇ ഒ യുടെ (HQ സർക്കിൾ) ചെലവുപത്രിക പ്രകാരം പ്രോജക്ട് നം 329/21 ഭവനനിർമാണം (ലൈഫ്) ജനറൽ ന്റെ ചെലവ് 1,03,20,000/- ആണ്. എന്നാൽ ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം ചെലവ് 1,07,20,000/- ആണ്.

11. ബി14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യനിർണയിച്ചിട്ടില്ല.

12. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

13. B18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളിലെ (വാട്ടർ അതോറിറ്റി, കെ.എസ് ഇ ബി) രജിസ്ററർ , മുൻകൂർ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്താനായിട്ടില്ല.

14. 2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ-ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

15. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (മാർച്ച് 2021 ലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം മുതലായ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

16. എം.എൻ.ആർ.ഇ.ജി.എസ് കാഷ് ബുക്ക് പ്രകാരം തൻവർഷത്തെ വരവായ മുഴുവൻ തുകയും (1888204) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് റീ കൂപ്പ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ വിശദാംശം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടാല്ലത്തിനാൽ റീകൂപ്പ് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

17. ഹഡ്കോ വായ്പാ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വായ്പയിനത്തിൽ നാളിതുവരെ ലഭിച്ച തുക , നാളിതുവരെയുള്ള തിരിച്ചടവ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുത്താനായില്ല.

ധനകാര്യപത്രികയിലെ വരവ്, തിരിച്ചടവ്, നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

18. ധനകാര്യപത്രിക പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റിനങ്ങളിലെ വരവ് ചെലവ് നീക്കിയിരിപ്പ് വിവരങ്ങൾ (Suppliers Security Deposit, Bidders Security Deposit, Other Deposits, Election Deposit , Road Cutting Deposit) രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

19. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 5 പ്രകാരം ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരുപ്പും പരിശോധിച്ച് ക്യാഷ് ബുക്ക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം സൂക്ഷിച്ചിട്ടുള്ള ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.

20. I18- Prior Period Income – Property Tax On Non Residential Buildings ഹെഡിൽ 1709743/- രൂപ ബുക്ക് ചെയ്ത് ഡിമാന്റ് കുറവു വരുത്തിയിട്ടുണ്ട്. ഇതിനാധാരമായ രേഖകൾ ലഭ്യമായില്ല.

21. തനത് വരവുകളുമായി (അക്രൂവൽ അടിസ്ഥാനത്തിൽ വരവുള്ള ഇനങ്ങൾ, അക്രൂവൽ അടിസ്ഥാനത്തിൽ അല്ലാതെ വരവുള്ള രജിസ്റ്ററുകൾ) ബന്ധപ്പെട്ട ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ,ബാലൻസ് എന്നിവയുടെ അബ്സ്ട്രാക്ട് എഴുതി തയ്യാറാക്കിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന ഓരോ ഇനങ്ങളുടെയും ഡി.സി.ബി.സംബന്ധിച്ച വിവരം അതത് രജിസ്റ്ററുകളിൽ നിന്നും ലഭ്യമല്ല. ആയതിനാൽ ചുവടെ പറയുന്ന രജിസ്റ്ററുകളിലെ വിവരങ്ങൾ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാൻ സാധിക്കുന്നില്ല.

. D&O Licence Register

. Register Of Rent From Auditoriums And Hall

. Auction Register.

. Register Of Professional Tax Of Employees

. Register Of Institutional Professional Tax.

. Register Of Rent From Markets

21. ആർ പി 43 ൽ ഉൾപ്പെട്ടിരിക്കുന്ന മാർക്കറ്റിൽ നിന്നുള്ള വരവ്, കെട്ടിടങ്ങളിൽ നിന്നുള്ള വാടക എന്നിവയുടെ ഡി.സി.ബി പത്രിക ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലഭ്യമാക്കിയ രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

22. I18- Prior Period Income – Property Tax On Non Residential Buildings ഹെഡിൽ 1709743/- രൂപ രേഖപ്പെടുത്തി ഡിമാന്റ് കുറവു വരുത്തിയിട്ടുണ്ട്. ഇതിനാധാരമായ ഭരണസമിതി തീരുമാനം, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

23. വാർഷിക കണക്കുകൾ പ്രകാരം ബി11(എ) ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നത് 8,96,422/- ആണ്. എന്**നാൽ** എ.ഇ. യുടെ സ്റ്റേറ്റ്മന്റുമായി പൊരുത്തപ്പെടുന്നില്ല.

24. സംയുക്തപ്രോജക്ടുകൾക്കായുള്ള മുന്നിരിപ്പ്, വരവ്, ചെലവ് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

സ്ഥാപനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ് (സുലേഖ പ്രകാരം)	നീക്കിയിരിപ്പ് (ധനകാര്യപത്രിക പ്രകാരം)
ബ്ലോക്ക് പഞ്ചായത്ത്	1714290	2149001	3863291	4344751	1474290
ജില്ലാപഞ്ചായത്ത്	854720	2682157	3536877	2682157	854720

25. വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിശദാംശങ്ങൾ സഞ്ചയ, വാർഷിക കണക്കുകൾ എന്നിവ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി (തൻ വർഷം)

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
സഞ്ചയ പ്രകാരം	*9409062*	*6784328*	*2381455*
വാർഷിക കണക്കുകൾ പ്രകാരം	*9226264*	*6843698*	*2507024*

വസ്തുനികുതി (അരിയർ)

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
സഞ്ചയ പ്രകാരം	*4879519*	*1790853*	*3090938*
വാർഷിക കണക്കുകൾ പ്രകാരം	*5384529*	*1762251*	*3176903*

26) ധനകാര്യപത്രികയിൽ റിക്കവറീസ് പേയബിൾ എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന 174400രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

27) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള പദ്ധതി ചെലവുകൾ പൂർണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ.ആയുർവ്വേദ ആശുപത്രിയ്ക്ക് ഫർണീച്ചർ വാങ്ങിയതിന് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് ട്രഷറി ബിൽ പ്രകാരം തുക മാറി നൽകി. ചെലവ് പത്രികയിൽ തുക ചെലവഴിക്കാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

1-3-1 സംയുക്ത പ്രോജക്ടുകളുടെ ചെലവഴിക്കാത്ത തുകകൾ തനത് ഫണ്ടിൽ അവശേഷിക്കുന്നു

ജി.ഒ (പി) 07/2017 ധന 23.01.2017 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവഹണം നടക്കാത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽ ഓവർ ആയില്ലെങ്കിൽ നിർവഹണം ഏറ്റെടുത്ത തദ്ദേശ സ്ഥാപനം ജോയിന്റ് അക്കൌണ്ട് മാർച്ച് 31 നകം റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ സ്ഥാപനത്തിന് കൈമാറേണ്ടതും അക്കൌണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണെന്നിരിക്കെ സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അക്കൌണ്ടിൽ അവശേഷിക്കുന്നു. (ബി 4 ഷെഡ്യൂൾ)

ശീർഷകം		തുക
320700204	Contribution For Joint Venture Projects (For Revenue Expenditure) For Block Panchayats	1354290
320700305	Contribution For Joint Venture Projects (For Capital Expenditure) For District Panchayats	487520
320700404	Contribution For Other Specific Purposes(For Revenue Expenditure) For Block Panchayats	120000
320700405	Contribution For Other Specific Purposes(For Revenue Expenditure) For District Panchayats	367200

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ലഭിച്ച തുകകൾ പരമാവധി ഫലപ്രദമായി ചെലവഴിക്കാൻ ശ്രമിക്കേണ്ടതാണ്.

1-3 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.(ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം)

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട്-ജനറൽ	0	25844382	25844382	34146378	-8301996
വികസനഫണ്ട്-എസ്.സി.പി	0	12585765	12585765	12102340	483425
വികസനഫണ്ട്-ട്രി എസ് പി	0	246373	246373	14627	231746
ധനകാര്യ കമ്മീഷൻ	0	13320000	13320000	11317714	2002286

ഗ്രാന്റ്(Tied)					
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied)	0	28727246	28727246	19413537	9313709
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	11580000	11580000	11579236	764
മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	0	7768622	7768622	6977529	791093

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വരവുകൾ സർക്കാർ ഉത്തരവുകളിലൂടെ അനുവദിച്ചിട്ടുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല

വരവ്

ഫണ്ടിനം	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം	സർക്കാർ ഉത്തരവുകൾ പ്രകാരം
വികസനഫണ്ട് (ജനറൽ)	25844382	34214625
വികസനഫണ്ട് (എസ്.സി.പി)	12585765	13142000
വികസന ഫണ്ട് (റ്റി എസ് പി)	246373	261000

വിവിധ ആവശ്യങ്ങൾക്കായി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുകയ്ക്ക് ഗ്രാമപഞ്ചായത്ത് പദ്ധതി ചെലവു രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പ്രസ്തുത തുക വരവിൽ ഉൾപ്പെടുത്തുന്നില്ല. തൻ നിമിത്തം വരവു കുറവായി രേഖപ്പെടുത്താനിടയാകുന്നു.

2) ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള ചെലവ് എ.സി.ആർ പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ

ഫണ്ടിനം	ചെലവ്	
	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം	എ.സി.ആർ പ്രകാരം
വികസന ഫണ്ട് ജനറൽ	34146378	25776135
വികസന ഫണ്ട് എസ് സി പി	12102340	11546105
വികസന ഫണ്ട് റ്റി എസ് പി	14627	0

3.കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവുകൾ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

ഹെഡ്ഡ് കോഡ്	**തുക**
320200207	2739488

320200309	58552
320200322	3022867
320300199	3326197

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ ഏജൻസി-യുടെ വിവരം, തുക ആനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

5. ഗ്രാന്റ് യൂട്ടിലൈസേഷൻ -വിനിയോഗം

(എ) സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 3773340/- രൂപയാണ്. ഈയിനത്തിൽ ആകെ 6494643/- രൂപ അടങ്കൽ വകയിരുത്തുകയും 4001129/- രൂപ ചെലവഴിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വകയിരുത്തിയതിന്റെ 62% മാത്രം വിനിയോഗിച്ചിട്ടുള്ളത്.

(ബി) സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക1886670/- ആണ്. കൂടിയ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും (2416284) ഈ വിഭാഗത്തിലെ ചെലവ് 1921000. വകയിരുത്തലിന്റെ ചെലവ് ശതമാനം 80%.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
338	242073071	259	148250258	-	79	61%

തൻ വർഷം നടപ്പാക്കുന്നതിന് 338 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 259 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആകെ വകയിരുത്തിയ തുകയുടെ 61% മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ശേഷിക്കുന്ന തുക വിനിയോഗിക്കാൻ സാധിക്കാത്തതിന് കാരണം അറിയിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 37/26.04.) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭ ചുവടെ ചേർക്കും പ്രകാരം ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. നിർദേശങ്ങൾ ചുവടെ ചേർക്കുന്നു. ആയതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

വാർഡ് നം	ഗ്രാമസഭ തീയതി	നിർദേശങ്ങൾ
VII	7.2.2020	1) ഇടിച്ചക്കപ്ലാമൂടിൽ ഉപയോഗ ശൂന്യമായിരിക്കുന്ന സ്ലാട്ടർഹൌസിന്റെ സമീപം ചന്ത പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടായാൽ സമീപ പ്രദേശത്തെ മൽസ്യത്തൊഴിലാളികൾക്ക് സഹയകമാകും. 2) പഞ്ചായത്ത് പുറമ്പോക്ക് കുട്ടികൾക്ക് കളിസ്ഥലമായി ഉപയോഗിക്കുന്നതിന് സൌകര്യം ഒരുക്കുക. 3) തെറ്റിയിൽ സുജ, ഷാജി ഭാസ്ക്കർ എന്നിവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തുക. 4) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകളെ പേപ്പർ ബാഗ് നിർമ്മാണം പഠിപ്പിക്കുക 5) എസ് സി വിഭാഗം കുട്ടികൾക്ക് തൊഴിൽ സംരഭം ഒരുക്കുക. 6) വാർഡ് തല ജാഗ്രതാസമിതി ശക്തിപ്പെടുത്തുക.
III	8.2.2020	1) പെരുവിള വണ്ടിച്ചിറ പൈപ്പ് ലൈൻ സ്ഥാപിക്കുക. 2) വണ്ടിച്ചിറ തോട്, കുറ്റിക്കാട് ഭഗവതിനട റോഡ്, മണപ്പഴിഞ്ഞി തോട് സൈഡ് വാൾ നിർമ്മാണം.
XII	8.2.2020	1) പുത്തൻകട മാർക്കറ്റിൽ ഷോപ്പിംഗ് കോംപ്ലക്സ് 2) ലൈഫ് ഭവന പദ്ധതിയിൽ അർഹരായ എല്ലാവരേയും ഉൾപ്പെടുത്തുക 3) വികലാഗർക്ക് വീൽചെയർ 4) പഞ്ചായത്ത് കിണറുകൾ വൃത്തിയാക്കുക
ആടുമൻകാട്	9.2.2020	1) ക്ഷീര കർഷകരെ സഹായിക്കുന്നതിന് സഞ്ചരിക്കുന്ന മൃഗാശുപത്രി 2) കാൻസർ രോഗ നിർണ്ണയക്യാമ്പ് 3) വാർഡ് തലത്തിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സാഹചര്യം ഒരുക്കുക 4) കുളങ്ങളിൽ മൽസ്യകൃഷി ആരംഭിക്കുക
XVII	7.2.2020	1) വാർഡിലെ ആറ് കുളങ്ങൾ ചെളി കോരി പുനരുദ്ധാരണം, ചാനൽ തോട് പുനരുദ്ധാരണം എന്നിവ നടപ്പാക്കുക

മേൽ നിർദേശങ്ങളിൽ VII -ാം വാർഡിലെ നിർദേശം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകളെ പേപ്പർ ബാഗ് നിർമ്മാണം പഠിപ്പിക്കുക എന്നത് മാത്രമാണ് നടപ്പാക്കിയിരിക്കുന്നത്. ഗ്രാമസഭാ നിർദേശങ്ങൾ പദ്ധതികളായി രൂപീകരിച്ച് നടപ്പാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5-1 മരണപ്പെട്ടവർക്ക് പെൻഷൻ നൽകി

പാറശ്ശാല പഞ്ചായത്തിലെ ഏതാനും മരണ രജിസ്ട്രേഷൻ അപേക്ഷകൾ സേവന സോഫ്റ്റ്വെയറിൽ പരിശോധിച്ചതിൽ പെൻഷൻ വാങ്ങിയിരുന്ന വ്യക്തികൾക്ക് മരണപ്പെട്ടതിന് ശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പെൻഷണറുടെ പേര്	പെൻഷൻ ഐ ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	ഏതു മാസം വരെ പെൻഷൻ നൽകി യിരിക്കുന്നു	അധികമായി നൽകിയ തുക

1	സി.ഓമനക്കുട്ടിയമ്മ	103000200100	സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	20-01-2020	April-2022	6000+ 6000+10500+20800= **43300**
2	സീത.എ	103000203430	സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ)	13-01-2020	April-2022	3660+5200+5600+ 4500+20800= **39760**
3	ലളിതാബായി	103000601527	സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം)	20-05-2020	December-2020	**9500**
4	വസന്ത	103000600522	സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം)	16-05-2020	April-2022	3900+5600+4500+ 20800=**34800**

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 41) മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. നടപടി സ്വീകരിച്ചിട്ടും മേൽ സൂചിപ്പിച്ച വ്യക്തികൾക്ക് പെൻഷൻ നൽകിയതിന് വിശദീകരണം നൽകിയിട്ടില്ല. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-5 ക്ഷേമ പദ്ധതികൾ

2020-21സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	290640	411
കർഷക തൊഴിലാളി പെൻഷൻ	19311200	921
വിധവാ പെൻഷൻ	42388000	2263
വാർധക്യകാല പെൻഷൻ	6665980	4016
വികലാംഗ പെൻഷൻ	17126700	887
വിവാഹ ധനസഹായം	180000	6
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1064800	57

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-04-2022 തീയതിയിൽ 12.10 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7880/-രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 ആഭ്യന്തര നിയന്ത്രണം

മുൻ വർഷങ്ങളിൽ സംയുക്ത പദ്ധതികൾക്ക് ലഭ്യമായ തുക ചെലവഴിക്കാതെ തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് മുഖേന വരുന്ന ഭൂരിഭാഗം നിർദേശങ്ങളും പദ്ധതികളാക്കി നടപ്പാക്കുന്നില്ല.

വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം പ്രസ്തുത ഇനം വരവ് നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു.

ട്രെയ്ഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല; തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക, വസ്തു നികുതി കുടിശ്ശിക എന്നീ ഇനങ്ങളിലെ വരവ് പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്നു.

വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ച പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല.

മരണമടഞ്ഞ ഗുണഭോക്താക്കൾക്കും സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിയതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ചെലവ് രേഖകൾ, ധനവിനിയോഗ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്നു.

നവകേരള പദ്ധതിയുടെ ഭാഗമായി കൃഷി മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് NREGS പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ല. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണതോതിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല.

ആരോഗ്യഗ്രാമം പദ്ധതിയുടെ ഭാഗമായി വ്യയാമം ചെയ്യുന്നതിന് വാങ്ങിയ വ്യായാമ ഉപകരണങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാതെ ചുരുങ്ങിയ സ്ഥലപരിമിതിയിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ പദ്ധതി ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല.

സ്മാർട്ട് ക്ലാസ്സ് റൂം സജ്ജമായിട്ടില്ലാത്ത സ്കൂളിന് ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങി നൽകിയത് ഉപയോഗിക്കാനാകാതെ സൂക്ഷിച്ചിരിക്കുന്നു.

മെയിന്റനൻസിന്റെ ഭാഗമായി സ്കൂൾ കെട്ടിടത്തിൽ നടത്തിയ ഫാൾസ് സീലിംഗ് പ്രവത്തി ചുരുങ്ങിയ കാലയളവിൽ തന്നെ പൊളിഞ്ഞു പോയിരിക്കുന്നു.

മോണിറ്ററിംഗ് സമിതികൾ തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

1-8 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	1888204	1888204	1888204	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (ധനകാര്യപത്രിക I 6 പ്രകാരം)	0	85380937	85380937	85380937	0
	0	87269141	87269141	87269141	0

ധനകാര്യപത്രിക I6, I14 (A) എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. എൻ.ആർ.ഇ.ജി.എസ് മുഖേന നടപ്പിലാക്കുന്നതിന് 1215 പദ്ധതികൾക്ക് അനുമതി ലഭിച്ചെങ്കിലും 431പ്രവൃർത്തികൾ പൂർത്തിയാക്കി. 856 തൊഴിൽ കാർഡുകൾ വിരണം ചെയ്ത് 213374 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം 4896 കുടുംബങ്ങൾക്ക് തൊഴിൽ ലഭിക്കുകയും ആയതിൽ 233 കുടുംബങ്ങൾ 100 തൊഴിൽ ദിനം പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു.

നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നം	പദ്ധതി വിഭാഗം	നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം	ചെലവഴിച്ച തുക
1	മണ്ണ്, ജല സംരക്ഷണം	97	38906910
2	വരൾച്ച തടയൽ, വനവൽക്കരണം.	16	1691940
3	പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം.	2	660050
4	നടപ്പാത	2	1253730
5	വ്യക്തിഗത ആസ്തികൾ	289	1801890
6	മറ്റുള്ളവ	25	1652580

മണ്ണ്, ജല സംരക്ഷണം എന്നിവയ്ക്കായി 97 പദ്ധതികൾ നടപ്പാക്കുകയും 38906910 രൂപ ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. പാട്ടകൃഷിയ്ക്കായിട്ടാണ് ഈ തുക ചെലവഴിച്ചിരിക്കുന്നത്. നവകേരള പദ്ധതിയുടെ ഭാഗമായി കൃഷി മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ കൃഷി മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് സംയോജിത പദ്ധതികൾ നടപ്പാക്കി കാർഷിക മൃഗസംരക്ഷണ മേഖലയിൽ സ്വയം പര്യാപ്തതകൈവരിക്കുന്നതിന് പരിശ്രമിക്കേണ്ടതാണ്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	ലഭ്യമല്ല	12/2020	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	5.10.2018	2013-14 മുതൽ 2017-18 വരെ	1.12.2018

1-10 വാടക കൃത്യമായി ഈടാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികളുടെയും സ്റ്റാളുകളുടെയും വാടക രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

1. രഘുവരൻ എന്ന വ്യക്തിയുടെ പക്കൽ നിന്നും 22584/- രൂപ 2020-21 സാമ്പത്തിക വർഷത്തെ വാടകയിനത്തിൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ രജിസ്റ്റർ പ്രകാരം ടി വ്യക്തിക്ക് വാടകയിനത്തിൽ 10107/- രൂപയുടെ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കുടിശ്ശിക തുക ഈടാക്കാതെ തനത് വർഷത്തെ വാടക മാത്രം ഈടാക്കി.

2. ഓരോ വർഷവും വാടകയിനത്തിലുള്ള തുകയ്ക്ക് 5 % വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ പറയുന്നവരിൽ നിന്നും ഇത്തരത്തിൽ വർദ്ധനവ് വരുത്തി തുക ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാടകക്കാരന്റെ പേര്	2019-20സാമ്പത്തിക വർഷത്തെ പ്രതിമാസ വാടക	2020-21 സാമ്പത്തിക വർഷത്തെ പ്രതിമാസ വാടക	2020-21 സാമ്പത്തിക വർഷം ഈടാക്കേണ്ടിയിരുന്ന തുക
1	ഡോ. എസ് .വി . സാം	1559	1559	1637
2	സെക്രട്ടറി , പിന്നോക്ക വികസന കോ - ഓപ്പറേറ്റീവ് സൊസൈറ്റി	1650	1650	1752

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകെയറി നം. 14 നു “ക്ളറിക്കൽ പിഴവു മൂലം 2019-20 സാമ്പത്തിക വർഷം ഈടാക്കേണ്ടിയിരുന്ന 10107 രൂപയും വാടകയിനത്തിൽ വർഷത്തിൽ വർദ്ധനവ് വരുത്തേണ്ടിയിരുന്ന തുകയും അതാത് വ്യക്തികളിൽ നിന്നും നോട്ടീസ് നൽകി ഈടാക്കുന്നതാണ്” എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരം പിഴവുകൾ സംഭവിക്കാതിരിക്കാൻ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. മുഴുവൻ തുകയും ഈടാക്കി പ്രസ്തുത രസീത് പരിശോധനയ്ക്കായി ഹാജരാക്കുക.

3. ചുവടെ പറയുന്ന വ്യക്തികൾ 2020-21 സാമ്പത്തിക വർഷം വാടക ഒടുക്കിയിട്ടില്ല.

പുത്തൻ കട മാർക്കറ്റ് സ്റ്റാൾ

ക്രമ നം	**വാടകക്കാരന്റെ പേര്**	**2020-21 സാമ്പത്തിക വർഷത്തെ**	**ഈടാക്കാത്ത തുക**	**അഭിപ്രായം**

		പ്രതിമാസ വാടക		
1	വിജയകുമാർ	231	2772	ലഭ്യമാക്കിയ രജിസ്റ്ററിൽ കടമുറിയുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.
2	വിജയകുമാർ	231	2772	
3	വിജയകുമാർ	231	2772	

ഷോപ്പിംഗ് കോംപ്ലക്സ് , പോസ്റ്റ് ഓഫീസ് ജംഗ്ഷൻ .

ക്രമ നം	വാടകക്കാരന്റെ പേര്	2020-21 സാമ്പത്തിക വർഷത്തെ പ്രതിമാസ വാടക	ഈടാക്കാത്ത തുക	അഭിപ്രായം
1	എസ് വർഗീസ്	1641	19692	ലഭ്യമാക്കിയ രജിസ്റ്ററിൽ കടമുറിയുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

വാടക കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വരവിനത്തിലുള്ള നഷ്ടം ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി - അപാകതകൾ

എ) കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് കൃത്യമായി പിരിച്ചെടുക്കേണ്ടതുണ്ട്. എന്നാൽ പാറശ്ശാല ഗ്രാമപഞ്ചായത്തിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും എന്നത് ചൂണ്ടി കാണിച്ചിട്ടുള്ളതാണ് . ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 32 ന് കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ ഇനിമേൽ എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്

ബി) സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഗ്രാമപഞ്ചായത്തിന് അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപന നികുതി ഈടാക്കുന്നതിന് അധികാരമുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	നികുതി ഒടുക്കേണ്ട അർദ്ധവർഷം	ഈടാക്കേണ്ട തുക

1	കോ ഓപ്പറേറ്റീവ് ബാങ്ക് ചെറുവാരക്കോണം	I,II	2500
2	പോപ്പുലർ വെഹിക്കിൾസ്	II	1250
3	സുന്ദരം ഫിനാൻസ് ലിമിറ്റഡ്	I,II	2500
4	സിൻഡികേറ്റ് ബാങ്ക്	I,II	2500
5	മിനി മുത്തൂറ്റ് (നിധി)	I	1250

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

സി) തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) വകുപ്പുകൾ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	നികുതി ഒടുക്കേണ്ട അർദ്ധവർഷം
1	ബി .എസ്. എൻ. എൽ ഓഫീസ് പാറശ്ശാല	I
2	ബി. എഫ്. എം. സ്കൂൾ പാറശ്ശാല	I
3	ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് പാറശ്ശാല	I, II
4	ഫയർ ആൻഡ് റെസ്ക്യൂ പാറശ്ശാല	I
5	ഇൻഡ്യൻ ബാങ്ക് പാറശ്ശാല	I, II
6	ജെ കെ ഏജൻസീസ്	I, II
7	മുത്തൂറ്റ് നിധി	I, II
8	പോപുലർ ഫിനാൻസ് പാറശ്ശാല	I, II
9	പ്രിൻസ് പെട്രോളിയം	I, II
10	എസ് എൽ ബി പി പാറശ്ശാല	I, II
11	സുന്ദരം ഫിനാൻസ് ലിമിറ്റഡ്	I, II

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറി നം. 32 നു പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കി വിവരം ധരിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്. നികുതി കൃത്യമായി പിരിച്ചെടുത്ത് വരുമാന നഷ്ടം സംഭവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതി അടിയന്തിരമായി ഈടാക്കി പ്രസ്തുത രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12 ട്രേഡേഴ്സ് രജിസ്റ്ററർ തയാറാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾ ക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നം. 2 നു ടി സാമ്പത്തിക വർഷം മുതൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

1-13 റേഷൻകടകളിൽ നിന്നും ലൈസൻസ്,തൊഴിൽ നികുതി ഈടാക്കിയില്ല.

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ-9-764/19 ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2) തുക ഈടാക്കി ലൈസൻസ് അനുവദിക്കാത്തതിനും തൊഴിൽ നികുതി ഈടാക്കാത്തതിനും കാരണം വ്യക്തമാക്കിയിട്ടില്ല. ഈ സാമ്പത്തിക വർഷം മുതൽ റേഷൻകടകൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യം വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

1-14 ഭരണസമിതി തീരുമാനമില്ലാതെ ലേല നടപടികൾ നിർത്തി വച്ചു.

2020-21 സാമ്പത്തിക വർഷത്തെ ലേല ഡയറി, രജിസ്റ്റർ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് 2020 -21 സാമ്പത്തിക വർഷം കോവിഡ് പ്രതിസന്ധിയെ തുടർന്ന് ലേല നടപടികൾ ഒന്നും തന്നെ നടന്നിട്ടില്ല എന്ന മറുപടിയാണ് അറിയിച്ചിട്ടുള്ളത്. ലേല നടപടികൾ നിർത്തി വയ്ക്കുന്നതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം ലഭ്യമാക്കാൻ ഓഡിറ്റ് എൻകൃയറി നം. 15 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷാ വർഷം നടന്നു വരുന്ന ലേല നടപടികൾ ഭരണ സമിതി തീരുമാനം ഇല്ലാതെ നിർത്തി വച്ചതു വഴി വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. ലേല നടപടികൾ പുനരാരംഭിച്ച് വരുമാന നഷ്ടം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വിമുക്ത ഭടന്മാരുടെ പക്കൽ നിന്നും സാക്ഷ്യപത്രം/ സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ചിട്ടില്ല.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻകയറി നം. 31 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും രേഖകൾ ഹാജരാക്കുകയോ എന്തെങ്കിലും തരത്തിലുള്ള വിശദീകരണം നൽകുകയോ ചെയ്തിട്ടില്ല. നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/ സത്യവാങ്മൂലം ഓരോ വർഷവും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-16 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം പഞ്ചായത്ത് പരിധിയിലെ ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഡോർ നം.	ഉടമസ്ഥന്റെ പേര്	നികുതി കുടിശ്ശിക 2020 രണ്ടാം പാദം വരെ
1	14/1363	Dishnet Wireless Limited	83721
2	3/447	BSNL	184800
3	7/555	BSNL	92400
4	11/615		83168
5	21/659	BSNL	101648
		ആകെ	**545737**

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം 31 ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു എന്ന മറുപടിയാണ് അറിയിച്ചിട്ടുള്ളത്. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും വിലയിരുത്തേണ്ടതും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

1-17 സമീപ പ്രദേശത്തുള്ള കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി

തൊട്ടടുത്തുള്ള കെട്ടിടങ്ങളെ രണ്ട് വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. ഉദാഹരണം

വാർഡ്/കെട്ടിട നമ്പർ	മേഖല
1/214	ദ്വിതീയം
1/214A	പ്രഥമം
1/214B	ദ്വിതീയം
1/264B	പ്രഥമം
1/264C	ദ്വിതീയം
2/51A	പ്രഥമം
2/51B	ദ്വിതീയം
2/51C	ദ്വിതീയം
1/336A	പ്രഥമം
1/336B	ദ്വിതീയം
2/67A	ദ്വിതീയം
2/67B	പ്രഥമം

മേഖലകൾ വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നതിന് കാരണം അറിയിക്കണമെന്ന് ഓഡിറ്റ് എൻകൃയറി നം. 31 പ്രകാരം ആവശ്യപ്പെട്ടതിന് പ്രധാന റോഡുമായി ചേർന്ന് വരുന്ന കെട്ടിടങ്ങളെ പ്രഥമ മേഖലയിലും പ്രധാന റോഡുമായി അതിർത്തി പങ്കിടാത്തതും എന്നാൽ പ്രധാന റോഡുമായി അതിർത്തി പങ്കിടുന്ന കെട്ടിടങ്ങളുടെ പിൻ വശത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളുടെ മേഖലാ വിഭജനവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഏതൊക്കെ മേഖലകളെ പ്രഥമം ദ്വിതീയം തൃതീയം എന്നിങ്ങനെ വേർ തിരിച്ചിട്ടുണ്ടെന്ന് അറിയിക്കാൻ ഓഡിറ്റ് എൻകൃയറി നം. 31

മുഖേനെ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ടി മറുപടി അംഗീകരിക്കാൻ സാധിക്കുന്നതല്ല. മേഖലാ വിഭജനവുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കി ടി വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതാണ് .

1-18 വീട് വാസയോഗ്യമാക്കൽ , അവശ്യ രേഖകൾ അപൂർണം.

നിർവഹണോദ്യോഗസ്ഥൻ	VEO (വിതുര സർക്കിൾ)
പദ്ധതി,നം	വീട് വാസയോഗ്യമാക്കൽ SCP (35/21)
അടങ്കൽ തുക	23,00,000 (വികസന ഫണ്ട്-Scp)
ചെലവ് തുക	11,50,000/- ബിൽ നം.-20/20-21/10-02-2021-1,00,000
	ബിൽ നം.-21/20-21/13-03-2021-2,50,000
	ബിൽ നം.-22/20-21/13-03-2021-50,000
	ബിൽ നം.-27/20-21/16-03-2021-100,000
	ബിൽ നം.-28/20-21/21-03-2021-100,000
	ബിൽ നം.-30/20-21/26-03-2021-300,000
	ബിൽ നം.-31/20-21/26-03-2021-50,000
	ബിൽ നം.-33/20-21/29-03-2021-100,000
	ബിൽ നം.-35/20-21/31-03-2021-100,000

(1) വീട് വാസയോഗ്യമാക്കൽ പദ്ധതി വഴി 16 ഗുണഭോക്താക്കൾക്കായി ആകെ 1150000 രൂപ തവണകളായി കൈമാറിയിട്ടുണ്ട്. 16 ഗുണഭോക്താക്കളുടെയും അപേക്ഷയോടൊപ്പം അപേക്ഷകൻ പ്രസ്തുത മെയിന്റനൻസ് വർക്ക് പൂർത്തീകരിച്ചതായുള്ള വി.ഇ.ഒ യുടെ റിപ്പോർട്ട് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പല അപേക്ഷകളിലും ഇതോടൊപ്പം ആവശ്യമായ മറ്റു രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	നിരീക്ഷണം
1	വേണു വി.	മോണിറ്ററിങ് സമിതി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല
2	ലാലി .ജെ	വാല്യുവേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല

3	ജ്ഞാന പ്രകാശം	1.മോണിറ്ററിങ് സമിതി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല, 2. വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തുക രേഖപ്പെടുത്തിയിട്ടില്ല 3. എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടില്ല.
4	സുധ ഡി	മോണിറ്ററിങ് സമിതി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല
5	അജിതാ സി പി	മോണിറ്ററിങ് സമിതി റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല

(2) പദ്ധതി പ്രകാരമുള്ള മെയിന്റനൻസ് വർക്കുകൾ പൂർത്തീകരിച്ചതായുള്ള വി.ഇ.ഓ യുടെ സാക്ഷ്യപത്രത്തിൽ ഒന്നിലും തന്നെ തീയതി രേഖപ്പെടുത്തിയിട്ടില്ല. മോണിറ്ററിങ് റിപ്പോർട്ടിലും ഇതേ രീതി തുടർന്നിട്ടുണ്ട്. എ.ഇ സാക്ഷ്യപ്പെടുത്തിയിട്ടുള്ള പല വാല്യുവേഷൻ സർട്ടിഫിക്കറ്റിലും തീയതി രേഖപ്പെടുത്തിയിട്ടില്ല . പണി പൂർത്തീകരിച്ചത് എന്നെന്ന് ഉറപ്പാക്കാതെ തുക കൈമാറിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ആയതിനു കാരണം അറിയിക്കണമെന്ന് ഓഡിറ്റ് എൻകയറി നം. 33 വഴി ആവശ്യപ്പെട്ടതിന് പ്രസ്തുത രേഖകൾ പോരായ്മ പരിഹരിച്ച് ഫയലിൽ സൂക്ഷിക്കുന്നതാണെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

(3) ലഭ്യമാക്കിയിട്ടുള്ള മോണിറ്ററിങ് റിപ്പോർട്ടുകളിലെല്ലാം വി.ഇ.ഒ യും കെ. ലാറൻസ് ; മെമ്പർ - വാർഡ് 11 എന്ന വ്യക്തിയുമാണ് ഒപ്പിട്ടിരിക്കുന്നത്. മോണിറ്ററിങ് സമിതിയിലെ മറ്റ് അംഗങ്ങൾ മിനി, ബിനു എന്നിവരാണെന്ന് ഓഡിറ്റ് എൻകയറി നം. 33 നുള്ള മറുപടിയായി നിർവ്വഹണോദ്യോസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇവരുടെ സ്ഥാനപ്പേര് ലഭ്യമല്ല. മോണിറ്ററിങ് റിപ്പോർട്ടുകളിൽ ടി വ്യക്തികൾ ആരും തന്നെ ഒപ്പിട്ടില്ലാത്തത് പദ്ധതി നിർവ്വഹണം കൃത്യമായി നിരീക്ഷിക്കപ്പെട്ടില്ല എന്നതാണ് കാണിക്കുന്നത്.

(4) പദ്ധതിയിനത്തിൽ ഓരോ അപേക്ഷകനും ഭവന പുനരുദ്ധാരണത്തിനായി 100000 രൂപയാണ് ആകെ ലഭിക്കുക. ലഭ്യമാക്കിയ രജിസ്റ്ററിൽ തുക കൈപ്പറ്റിയവർ ആദ്യ ഗഡു രണ്ടാമത്തെ ഗഡു എന്നിവ കൈപ്പറ്റിയതായി ഒപ്പിട്ടിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ഒരിടത്തും തീയതി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നമ്പറും രേഖപ്പെടുത്തിയിട്ടില്ല. ഏത് സാമ്പത്തിക വർഷം കൈ മാറിയ തുകയാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് തിരിച്ചറിയാൻ പറ്റാത്ത സാഹചര്യം നില നിൽക്കുന്നു. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്താത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 33) തീയതി രേഖപ്പെടുത്തി വ്യക്തമായി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ അവശ്യ രേഖകൾ വാങ്ങി സൂക്ഷിക്കാത്തതിന് കൃത്യമായ വിശദീകരണം നൽകിയിട്ടില്ല. രേഖകൾ സൂക്ഷിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. കൃത്യമായ മോണ്ററിംഗ് നടത്തി മാത്രം പദ്ധതിയിനത്തിലുള്ള തുക കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

1-19 രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണം

വി.ഇ.ഒ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ തുക തവണകളായി കൈപ്പറ്റിയവർ ഓരോ ഗഡുവും കൈപ്പറ്റിയതായി പലപ്പോഴായി ഒപ്പു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ഒരിടത്തും തീയതി രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ പദ്ധതി നമ്പറും രേഖപ്പെടുത്തിയിട്ടില്ല . ഏത് സാമ്പത്തിക വർഷം കൈമാറിയ തുകയാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് തിരിച്ചറിയാൻ പറ്റാത്ത സാഹചര്യം നില നിൽക്കുന്നു. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്താത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 33 ന് ഇനിമേൽ

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതാണ് എന്ന മറുപടിയാണ് അറിയിച്ചിട്ടുള്ളത്. ആയത് പാലിക്കേണ്ടതാണ്. രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-20 കരാർ റദ്ദ് ചെയ്തിട്ടും തുക തിരികെ ഈടാക്കിയിട്ടില്ല.

22-02-2021 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 3 പ്രകാരം ശ്രീമതി മായ (മഞ്ചാടി തെക്കുംകര പുത്തൻ വീട്) പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ടി വ്യക്തി പാറശ്ശാല ഗ്രാമ പഞ്ചായത്തിൽ 2014-2015 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള വനിതാ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ആളാണ് . പ്രസ്തുത വ്യക്തി പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട 24-12-2014 ലെ 1699/ 2014 ആം നമ്പർ എഗ്രിമെന്റ് പ്രകാരം അപേക്ഷകയുടെ ഉടമസ്ഥതയിലുള്ള 241/3 നമ്പർ റീസർവേയിൽപ്പെട്ട 5 സെന്റ് സ്ഥലവും ടി സ്ഥലത്തിൽ സ്ഥിതി ചെയ്യുന്ന വീടും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ല എന്ന് പ്രസ്താവിച്ചിരുന്നു .2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ വനിതാ ഭവന നിർമ്മാണ പദ്ധതി വഴി അപേക്ഷകയ്ക്ക് 2,00,000 രൂപ കൈമാറിയിട്ടുണ്ട് .കരാർ റദ്ദ് ചെയ്യുന്ന സാഹചര്യത്തിൽ ടി തുക തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ അപേക്ഷകയോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും അപേക്ഷക അത് പാലിച്ചിട്ടുണ്ടോ എന്നും അറിയിക്കാൻ ഓഡിറ്റ് എൻകയറി നം. 16 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും പ്രസ്തുത രേഖകൾ ലഭ്യമല്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള തുടർ നടപടികൾ ഓഡിറ്റിനെ ധരിപ്പിക്കേണ്ടതാണ്.

1-21 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല- 3 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരും അടിസ്ഥാന ജീവിത സൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും സാമൂഹ്യമായി ബഹിഷ്കൃതരും പാർശ്വവൽക്കരിക്കപ്പെട്ടവരും യാതൊരുവിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, വിദ്യഭ്യാസം, വീട് തുടങ്ങി ആവശ്യമായ സഹായങ്ങൾ ഈ പദ്ധതി പ്രകാരം നൽകി വരുന്നു.

പാറശ്ശാല ഗ്രാമപഞ്ചായത്തിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം (പ്രോജക്റ്റ് നം. 052/21 & 350/21) എന്ന പദ്ധതിയുടെ 2020-21 സാമ്പത്തിക വർഷത്തിലെ ചെലവ് വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്, നം	അടങ്കൽ	ചെലവ്	ബിൽ നമ്പർ	നിർവഹണ ഉദ്യോഗസ്ഥ
1	ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം 052/2021	2,00,000/- (വികസനഫണ്ട്)	1,00,000/-	11/15.06.2020	അസിസ്റ്റന്റ് സെക്രട്ടറി
2	ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന	2,00,000/- (വികസനഫണ്ട്)	2,00,000/-	3/05.05.2020, തുക 50000/- 8/09.06.2020, തുക 50000/-	

	പുനരുത്ഥാരണം 350/2021			12/24.06.2020, തുക 50000/- 38/08.01.2021, തുക 50000/-	

__ക്രമ നം 1 ചെലവ് പത്രിക പ്രകാരം പ്രൊജക്റ്റ് നമ്പർ 350/2021 ന് വികസന ഫണ്ടിൽ നിന്നും 2,00,000/- രൂപ വകയിരുത്തുകയും പ്രസ്തുത തുക പൂർണമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ	തുക	തീയതി	ഗുണഭോക്താവിന്റെ പേര്
3	50,000	05.05.2020	സുധാറാണി (ഒന്നാം ഗഡു)
8	50,000	09.06.2020	നാഗമ്മ ടി (രണ്ടാം ഗഡു)
12	50,000	24.06.2020	സുധാറാണി (രണ്ടാം ഗഡു)
38	50,000	08.01.2021	പി സുശീല (ലഭ്യമല്ല)
ആകെ	2,00,000/-		

ഗുണഭോക്താക്കളുടെ അപേക്ഷ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. മറ്റ് അനുബന്ധ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

ക്രമ നം 2 ഫയൽ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ട്രഷറി ബിൽ ബുക്ക് ക്രമ നമ്പർ 11 പ്രകാരം 15.06.2020 ൽ 1,00,000/- രൂപ അർഹത ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. കമലം ടി എന്ന ഗുണഭോക്താവിനു നൽകിയിട്ടുണ്ട്. ശ്രീമതി. കമലം ടി എന്ന വ്യക്തിയുടെ അപേക്ഷ മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. മറ്റ് അനുബന്ധ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

14.02.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7 ലെ ക്രമ നമ്പർ 6 പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാണ് പദ്ധതി നടപ്പിലാക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ നിബന്ധനകൾ പ്രകാരം ഓരോ ഗുണഭോക്താവും ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ്, കരാർ, അവസാന ഗഡു നൽകുന്നതിനു മുൻപായി എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യ നിർണയം നടത്തി സബ്സിഡി നിരക്ക് നിശ്ചയിച്ചതിന്റെ റിപ്പോർട്ട്, മറ്റ് അനുബന്ധ രേഖകൾ എന്നിവ സമർപ്പിക്കേണ്ടതാണ്.എന്നാൽ മേൽ നം. പ്രൊജക്റ്റ് ഫയലുകളിൽ (350/2021 & 052/2021) ഇവയൊന്നും ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 20, തീയ്യതി 22.04.2022) നൽകിയെങ്കിലും ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഓരോ ഗഡുവും നൽകിയതിനു കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഗുണഭോക്താക്കൾ ധനസഹായം ലഭിച്ച മുറക്ക് ഭവന പുനരുദ്ധാരണം യഥാസമയം നടത്തിയിട്ടുണ്ടെന്നും പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയത് പഞ്ചായത്തിലെ പദ്ധതികളുടെ ഫയൽ സൂക്ഷിപ്പും മേൽനോട്ടവും കാര്യക്ഷമമല്ല എന്നതിനുള്ള തെളിവാണ്.

മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പുനരുത്ഥാരണം എന്ന പദ്ധതിയുടെ 2020-21 സാമ്പത്തിക വർഷത്തിലെ പ്രൊജക്റ്റ് നം. 052/2021 ന്റെ 1,00,000/- രൂപയുടെ ചെലവും പ്രൊജക്റ്റ് നം. 350/2021 ന്റെ 2,00,000/- രൂപയുടെ ചെലവും തടസ്സപ്പെടുത്തുന്നു. കൂടാതെ പഞ്ചായത്തിലെ പദ്ധതികളുടെ ഫയൽ സൂക്ഷിപ്പും മേൽനോട്ടവും കാര്യക്ഷമമാക്കി ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-22 പർച്ചെയ്സുകൾ ഭരണസമിതി അംഗീകരിച്ച തീരുമാനം ലഭ്യമാക്കിയില്ല

1. ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിലെ വാങ്ങലുകൾ, ക്വട്ടേഷനുകൾ എന്നിവയ്ക്കുള്ള പ്രൊക്യുർമെന്റ് കമ്മിറ്റി ശുപാർശ, വാങ്ങൽ അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രൊക്യുർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പല തീയതികളിലെയും സകർമ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിരിക്കുന്ന മിനിട്സുകൾ വായിക്കാൻ കഴിയുന്ന തരത്തിലല്ല. (ഉദാ- 02.11.20,11.09.20,12.08.20 തീയതികളിലെ മിനിട്സുകൾ) . പ്രോജക്ട് ഫയലുകളിൽ ഭരണസമിതി തീരുമാനത്തിന്റെ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് അന്വേഷണങ്ങൾ പ്രകാരം ഭരണസമിതി അംഗീകാരത്തിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കിയിരുന്നില്ല.

വിശദവിവരങ്ങൾ ചുവടെ

പ്രോജക്ടിന്റെ പേര്	ചെലവ്	സ്ഥാപനം	കുറിപ്പ്	നിർവഹണ ഉദ്യോഗസ്ഥൻ
ഹൈമാസ്റ്റ് റിപ്പയർ പവതിയാൻവിള സ്റ്റീൽ ഓവർ , 265/21	1,38,828	A One ഏജൻസീസ്	ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്ത സ്ഥാപനം	സെക്രട്ടറി
മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ 19/21	15,00,000	കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കോ.ലിമിറ്റഡ്	മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച സ്ഥാപനം	
407/21, ഗ്രാമപഞ്ചായത്ത് ഡോക്യുമെന്റേഷൻ	1 ലക്ഷം	ശ്രീജിത്ത്	ഡോക്യുമെന്റേഷന്റെ ക്വട്ടേഷൻ ലഭിച്ച വ്യക്തി	

വൃദ്ധരുടെ ആരോഗ്യ ഗ്രാമത്തിന് വ്യായാമത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ 346/21	4,99,665	KAICO	ഉപകരണങ്ങൾ ലഭ്യമാക്കിയ സ്ഥാപനം
ദുരന്തനിവാരണത്തിനുവേണ്ടിയുള്ള സൌകര്യമൊരുക്കൽ, 262/21	3,85,583	KAICO	ഉപകരണങ്ങൾ ലഭ്യമാക്കിയ സ്ഥാപനം
ദുരന്ത നിവാരണത്തിനു വേണ്ടിയുള്ള സൌകര്യമൊരുക്കൽ, 50/21	154500	ജഗദീഷ്	സാധനങ്ങളുടെ വില കൈമാറിയിരിക്കുന്ന വ്യക്തി
362/21, കുടിവെള്ള വിതരണം	1,66,000	സജു എസ് കെ	നെയ്യാറ്റിൻകര വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ള എത്തിക്കുന്നതിന് നൽകിയ കപട്ടേഷൻ

മേൽ പരാമർശിച്ച പ്രോജക്ടുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ അംഗീകരിച്ച ഭരണസമിതി തീരുമാനം , പ്രൊക്യുർമെന്റ് കമ്മിറ്റി ശുപാർശ എന്നിവ ലഭ്യമാക്കേണ്ടതാണ്.

2. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.52 പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Cprcs മുഖേന വാങ്ങേണ്ടതാണ്. എന്നാൽ ഈ നിർദേശം പാലിക്കാതെയും പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം ലഭ്യമാകാതെയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.9/19.4.2022 മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-23 പൊതുശുചീകരണ പ്രവർത്തനങ്ങൾ - ചെലവുരേഖകൾ ക്രോഡീകരിച്ച് ലഭ്യമാക്കിയില്ല- 8 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം , പേര് - പൊതുശുചീകരണ പ്രവർത്തനങ്ങൾ (363/21)

അടങ്കൽ - 8ലക്ഷം (ധനകാര്യകമ്മിഷൻ അവാർഡ്)

ചെലവ് - 8ലക്ഷം (ബിൽ നം 26/15.01.21)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കായാണ് ധനകാര്യകമ്മിഷൻ ഗ്രാന്റ് വകയിരുത്തിയിരുന്നത്. ധനകാര്യകമ്മിഷൻ ഗ്രാന്റ് ലഭ്യമല്ലാതിരുന്ന അവസരത്തിൽ തനത് ഫണ്ടിൽ നിന്നും ചെലവുചെയ്തതായും തുടർന്ന് ഫണ്ട് ലഭ്യമായ മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്തതായും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ചെലവിനാധാരമായ വൌച്ചറുകൾ, ബില്ലുകൾ, കൈപ്പറ്റ് രസീതുകൾ എന്നിവയൊന്നും പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏതൊക്കെ പ്രവർത്തികൾക്കാണ് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത്, നൽകിയ

തുക, ചെക്ക് നം, തീയതി, അനുബന്ധ രേഖകൾ, തുക ക്രമീകരിച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ആദ്യം തനത് ഫണ്ടിൽ നിന്നും തുക നൽകിയതിനാൽ ബന്ധപ്പെട്ട ബില്ലുകൾ വൌച്ചറിനോടൊപ്പമാണ് സൂക്ഷിച്ചിട്ടുള്ളതെന്നും വൌച്ചറിൽ നിന്നും ഇവയുടെ കോപ്പി എടുത്ത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കുമെന്ന വിവരവും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 30) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ചെലവിനാധാരമായ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കുന്ന മുറക്ക് 8 ലക്ഷം രൂപയുടെ തടസ്സം ഒഴിവാക്കുന്നതാണ്.

1-24 പേപ്പർ ബാഗ് നിർമാണ യൂണിറ്റ്- അടങ്കൽ, ചെലവ്, തുടർനടപടി വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം, പേര് - 357/21 , പേപ്പർ ബാഗ് നിർമാണ യൂണിറ്റ് സ്പിൽ ഓവർ

അടങ്കൽ - 14,00,000 (6,35,000 – വികസനഫണ്ട് എസ്.സി.പി

4,00,000 – മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം 3,65,000- മറ്റുള്ളവ)

ചെലവ് - 6,35,000 (ബിൽ നം 56 തീയതി 28.03.21)

നിർവഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ പരിശീലനകേന്ദ്രവും യൂണിറ്റുകളും എന്നതാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. പരിശീലന കേന്ദ്രം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ് (കെട്ടിട നം XI/285). പ്രോജക്ട് പ്രകാരം അടങ്കലിൽ മറ്റുള്ളവ എന്നയിനത്തിൽ 3,65,000/- രൂപയും മറ്റ് ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ 4 ലക്ഷം രൂപയും വികസനഫണ്ട് ഇനത്തിൽ (എസ് സി പി) 635000/- രൂപയും വകയിരുത്തിയിട്ടുണ്ടെങ്കിലും ഓരോ ഫണ്ടും എന്താവശ്യത്തിനാണ് വകയിരുത്തിയതെന്ന് വ്യക്തമല്ല. മറ്റുള്ളവ, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീയിനങ്ങളിൽ ലഭ്യമാകേണ്ടിയിരുന്ന തുക ലഭ്യമാകാത്തതിനും പ്രസ്തുത ഫണ്ടുപയോഗിച്ച് ചെയ്യേണ്ടിയിരുന്ന പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ/ ഒഴിവാക്കിയിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് തയാറാക്കിയിട്ടുണ്ടോ, ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ തുക അനുവദിക്കുന്നുണ്ടോ, ആയതിന് പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷം പേപ്പർ ബാഗ് നിർമിക്കുന്നതിനുള്ള മെഷീന്റെ വിലയായി 6,35,000/-രൂപ (മുഴുവൻ തുക 895000/- രൂപ) പ്രിൻടെക് എഞ്ചിനീയേഴ്സ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി ടി ഡി എസ് ഇനത്തിലെ തുക കുറവ് ചെയ്യാതെയാണ് പാർട്ട് പേയ്മെന്റ് നടത്തിയിരിക്കുന്നത്. ടി.ഡി.എസ് ഇനത്തിൽ നിയമപ്രകാരമുള്ള തുക സ്രോതസിൽ കുറവ് ചെയ്യേണ്ടതാണ്.

2021-22 ൽ പേപ്പർ ബാഗ് യൂണിറ്റ് കെട്ടിട വൈദ്യുതീകരണവും വൈദ്യുതലൈൻ സ്ഥാപിക്കലും എന്ന പ്രോജക്ട് നടപ്പിലാക്കിയെന്നും ജില്ലാ പഞ്ചായത്ത് 4ലക്ഷം രൂപ നൽകാത്തതിനാൽ പകരം ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപ സെൻട്രൽ ബാങ്കിൽ നിന്നും വായ്പയായി ലഭിച്ചുവെന്നും യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം 2022മെയ് 1 ന് നടക്കുമെന്നും വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി. (ഓഡിറ്റ് എൻകയറി നം.21/22-04-2022)

1-25 ജനകീയ ഹോട്ടൽ - അവലോകനം

പ്രോജക്ട് നം - 366/21 ജനകീയ ഹോട്ടൽ

അടങ്കൽ - 380000 (Rs 100000വികസന ഫണ്ട്, പൊതുവിഭാഗം

Rs 4000 തനത് ഫണ്ട്

Rs 160000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

Rs 80000 ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് - 124908 (98111- വികസനഫണ്ട്-ജനറൽ, 26797-തനത്ഫണ്ട്)

നിർവഹണ ഉദ്യോഗസ്ഥ- അസിസ്റ്റന്റ് സെക്രട്ടറി

വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ജനകീയ ഹോട്ടലിന്റെ ചെലവുകൾക്കായാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പ്രോജക്ടുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് നിള ജനകീയ ഹോട്ടൽ 27.04.2020 ൽ ആരംഭിച്ചു . ഹോട്ടലിൽ 6 കുടുംബശ്രീ അംഗങ്ങൾ ജോലി ചെയ്യുന്നു. ജനകീയ ഹോട്ടലിന്റെ സെയിൽസ് രജിസ്റ്റർ, വിറ്റഴിഞ്ഞ ഫുഡ് കൂപ്പൺ രജിസ്റ്റർ, ഡേ ബുക്ക് ആന്റ് കാഷ് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിനായി ഇൻഡ്യൻ ബാങ്ക് പാറശ്ശാല ശാഖയിൽ 09.06.2020ൽ അക്കൌണ്ട് (അക്കൌണ്ട് നം 6885372739) ആരംഭിച്ചിട്ടുണ്ട് . എന്നാൽ കാഷ് ബുക്ക് , പാസ് ബുക്ക് എന്നിവയിലെ വരവ്, ചെലവ് നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബി) ഹോട്ടൽ പ്രവർത്തിപ്പിക്കുന്നതിന് പ്രതിമാസം 10,080/- രൂപ നിരക്കിൽ ഷെറിൻ ജ്യോവാസ്, എന്ന വ്യക്തിയുടെ XIX/383B കെട്ടിടം വാടകയ്ക്കടുത്തിട്ടുണ്ട്. നിലവിൽ ഹോട്ടലായി പ്രവർത്തിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ ഉപയോഗക്രമം പാർപ്പിടാവശ്യം എന്നാണ് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

(ഓഡിറ്റ് അന്വേഷണം നം 24 / 23.04.2022)

1-26 തെരുവുവിളക്ക് മെയിന്റൻസ് - അപാകതകൾ

ഹൈമാസ്റ്റ് റിപ്പയർ പവതിയാൻവിള, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ ചെയ്തതിന് പ്രതിഫലമിനത്തിൽ സേവനദാതാക്കൾക്ക് തുക നൽകിയപ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആദായനികുതി നിയമം വകുപ്പ് 194 പ്രകാരം 2% നിരക്കിലാണ് ടി.ഡി.എസ് ഈടാക്കേണ്ടിയിരുന്നത് .എന്നാൽ 1% നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്.

മറ്റ് വിശദാംശങ്ങൾ ചുവടെ

ക്രമ നം	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്	തുക നൽകിയ സ്ഥാപനം
1	ഹൈമാസ്റ്റ് റിപ്പയർ പവതിയാൻവിള സ്പിൽ ഓവർ , 265/21	1,50,000 (വികസനഫണ്ട്, ധനകാര്യകമ്മിഷൻ അവാർഡ്)	1,38,828 (ബിൽ നം 9/12.05.20)	A One ഏജൻസീസ്
2	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ 19/21	15,00,000 (385000-തനത് ഫണ്ട് 11,15,000-ധനകാര്യകമ്മിഷൻ അവാർഡ്)	15,00,000 (Rs11,15,000/- ബിൽ നം 22/17.11.20 Rs 3,85,000/- ചെക്ക് നം. 1787336/17.11.20)	കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കോ.ലിമിറ്റഡ്

വരും വർഷങ്ങളിൽ നിയമം അനുശാസിക്കും പ്രകാരം നികുതി ഈടാക്കേണ്ടതാണ്.

ക്രമ നം 1 - അപാകതകൾ

. ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ ചെയ്യാനുള്ള ആവശ്യകത നിർണയിച്ചത് സംബന്ധിച്ച തീരുമാനമോ പരാതി രജിസ്റ്ററുകളോ ലഭ്യമല്ല. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ച തീയതി ,

കെ.എസ്.ഇ.ബി യുടെ കൺസ്യൂമർ നം , ലൈറ്റ് സ്ഥാപിച്ച സ്ഥാപനം, ലൈറ്റിന് വാറണ്ടി നിലവിലുണ്ടോ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

. പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ, ലഭ്യമായ ടെണ്ടറുകളുടെ വിവരം, ടെണ്ടർ തുറന്ന തീയതി , അംഗീകരിച്ച ടെണ്ടററുടെ വിശദാംശം മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ടെണ്ടർ രജിസ്റ്റർ , ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

. പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടില്ല.

ക്രമ നം 2 – അപാകതകൾ

. പാറശ്ശാല ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 10 മിനിമാസ്റ്റ് ലൈറ്റ്, ഓരോന്നിലും 100W LED Flood Lights എന്നിവ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത് . ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങാൻ അനുവാദമുള്ള കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കോ.ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് ലൈറ്റുകളുടെ വിതരണത്തിനും ഇൻസ്റ്റലേഷനും അനുവാദം ലഭിച്ചിരിക്കുന്നത്.

പ്രസ്തുത പർച്ചെയ്സ് അംഗീകരിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.A

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻകയറി നം 30/26-04-2022). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-27 ഗ്രാമപഞ്ചായത്ത് ഡോക്യുമെന്റേഷൻ - രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം - 407/21, ഗ്രാമപഞ്ചായത്ത് ഡോക്യുമെന്റേഷൻ

അടങ്കൽ - 1 ലക്ഷം (തനത് ഫണ്ട്)

ചെലവ് - 1 ലക്ഷം (ചെക്ക് നം 1787344/1.12.20, 85000/-

ചെക്ക് നം 1787349/23.12.20,15000/-)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ, നിർമിതികൾ, പ്രധാനപ്പെട്ട കൃഷി സ്ഥലങ്ങൾ , ചരിത്രപ്രാധാന്യമേറിയ സ്ഥലങ്ങൾ തുടങ്ങിയവയുടെ ഡോക്യുമെന്റേഷൻ നടത്തിയതിനാണ് പ്രോജക്ട് തുക ചെലവഴിച്ചിരിക്കുന്നത്. നിർവഹണവുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

. ശ്രീജിത്ത് (റിംഗ് റിഥം എന്റർടൈൻമെന്റ്സ്) എന്ന വ്യക്തി ലഭ്യമാക്കിയ 88,000/- രൂപയുടെ കുറഞ്ഞ കവട്ടേഷനെ അടിസ്ഥാനമാക്കിയാണ് തുക ടിയാന് നൽകിയിരിക്കുന്നത്. കവട്ടേഷൻ അംഗീകരിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്. തുക നൽകുന്നതിന് സെക്രട്ടറി അനുമതി നൽകിയതിന്റെ രേഖകളില്ല. നോട്ട് ഫയൽ ഹാജരാക്കിയിട്ടില്ല. ഡോക്യുമെന്റേഷൻ നടത്തിയതിന്റെ രേഖകൾ , മോണിറററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല

. പഞ്ചായത്തിലേയ്ക്ക് പ്രൊഫഷണൽ സർവീസ് ലഭ്യമാക്കിയതിന് ശ്രീജിത്ത് എന്ന വ്യക്തിയ്ക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തുക നൽകിയ വ്യക്തി	ബില്ലിന്റെ വിശദാംശം		
	നികുതി ഒഴിവാക്കിയ തുക	നികുതി	ആകെ
ശ്രീജിത്ത്	73950	14050	88000

ആദായനികുതി ടി.ഡി.എസ് ഇനത്തിൽ നിയമപ്രകാരം കുറവുചെയ്യേണ്ടിയിരുന്ന 10% നികുതി (7395/- രൂപ) കുറവ് ചെയ്യാതെയാണ് ടിയാന് തുക അനുവദിച്ചിരിക്കുന്നത്. ആയത് തിരികെ ഈടാക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾക്ക് (ഓഡിറ്റ് എൻകൗയറി നം 17/22.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-28 പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്കുള്ള ചെലവ് -

പ്രോജക്ടിന്റെ പേര് - പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്കുള്ള ചെലവ് 2020-21 (39/21)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 5ലക്ഷം (തനത് ഫണ്ട്)

ചെലവ് - 2,43,554

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	തുക നല്കിയ വ്യക്തി	തുക	ചെക്ക് നം , തീയതി
1	ദേശാഭിമാനി പബ്ലിക്കേഷൻസ്	52236	2887692/29.05.20
2	സെലിൻ മേരി	36600	2887695/11.06.20
3	നന്ദു പി ദേവ്	10000	2887695/11.06.20
4	എസ് എം പ്രിന്റേഴ്സ്	74250	1908085/02.07.20
5	സെലിൻ മേരി	11420	1787327/20..10.20
6	ദേശാഭിമാനി പബ്ലിക്കേഷൻസ്	59048	1787327/20..10.20

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

. ക്രമ നം 5 ൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ദുരന്തനിവാരണം, പദ്ധതി രേഖ ഡേറ്റാ എൻട്രി മുതലായവ ചെയ്ത വകയിൽ ശ്രീ ജോസഫ് എന്ന വ്യക്തിക്കാണ് 11,420/-രൂപ നൽകേണ്ടിയിരുന്നത്. എന്നാൽ തുക നൽകിയിരിക്കുന്നത് ശ്രീമതി സെലിൻ മേരി എന്ന വ്യക്തിയുടെ അക്കൌണ്ടിലേയ്ക്കാണ്. തുകയുടെ കൈപ്പറ്റ് രസീത് , ബന്ധപ്പെട്ട പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കേണ്ടതാണ്.

. ക്രമ നം 1, 6 എന്നിവ പ്രകാരം അഡ്വെർടൈസ്മെന്റിന് ദേശാഭിമാനി പബ്ലിക്കേഷൻസിന് 1,11,284/-രൂപ നൽകിയിട്ടുണ്ട്. ആദായ നികുതി വകുപ്പ് സെക്ഷൻ 194ൽ നിഷ്കർഷിക്കും പ്രകാരം സ്ഥാപനത്തിന്റെ ബിൽ തുകയിൽ നിന്നും ടി.ഡി.എസ് കുറവ് ചെയ്തിട്ടില്ല.

അപാകതകൾക്ക് (ഓഡിറ്റ് എൻകൗയറി നം 17/22.04.22) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-29 തെരുവുവിളക്ക് മെയിന്റൻസ് - അപാകതകൾ

പ്രോജക്ട് നം 14/21 തെരുവുവിളക്ക് മെയിന്റൻസ് ചാർജ്

അടങ്കൽ - 490000 (തനത് ഫണ്ട്)

ചെലവ് - 490000

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

തെരുവുവിളക്കുകളുടെ മെയിന്റനൻസ് ചാർജ് നൽകുന്നതിനാണ് പ്രോജക്ട് തുക വകയിരുത്തിയിരിക്കുന്നത്. എസ് ആർ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ കൊട്ടേഷൻ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

. ടെണ്ടർ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

. കമ്പ്യൂട്ടേഷൻ അംഗീകരിച്ചു നൽകിയ കരാറുകാരന്റെ ഇലക്ട്രിക്കൽ ലൈസൻസ് ലഭ്യമാക്കിയിട്ടില്ല.

. മതിയായ നിരക്കിൽ ആദായനികുതിയിനത്തിലെ ടി.ഡി.എസ് ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല (ഇൻകംടാക്സ് ആക്ട് സെക്ഷൻ 194 സി) . വിശദാംശം ചുവടെ

ബിൽ തുക	ബിൽ പ്രകാരം കരാറുകാരന് ലഭ്യമായ തുക	ടി.ഡിഎസ് ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന തുക (2%)	കുറവ് ചെയ്ത തുക (1%)	വ്യത്യാസം	ചെക്ക് നം , തീയതി
148750	144286	2976	1488	1488	1787309/11.09.20
206715	200514	4134	2067	2067	1787329/20.10.20
134535	131845	2691	0	2691	1787348/21.12.20
ആകെ				**6246**	

6,246/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

. സുലേഖ പത്രിക പ്രകാരം പ്രോജക്ടിന്റെ ആകെ ചെലവ് 1,34,535/- ആണ്. എന്നാൽ ബിൽ രജിസ്റ്റർ , സാംഖ്യ ബില്ലുകൾ പ്രകാരം ചെലവ് പ്രകാരം 4,90,000/- ആണ്.

. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കേടായ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. സർക്കുലറിൽ നിർദേശിച്ചിട്ടുള്ള മാദണ്ഡങ്ങൾ പാലിക്കാതെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗും നടത്തുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3/ 2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻകുയറി നം 17/21.04.22).

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല, രേഖകൾ ലഭ്യമാക്കിയില്ല- 3,85,583/- രൂപ തടസ്സപ്പെടുത്തുന്നു.

(എ) പ്രോജക്ടിന്റെ പേര്, നം - ദുരന്തനിവാരണത്തിനുവേണ്ടിയുള്ള സൌകര്യമൊരുക്കൽ, 262/21

അടങ്കൽ - 4,09,022 (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് - 3,85,583 (Bill No 1/15.04.20)

(ബി) പ്രോജക്ടിന്റെ പേര് - വൃദ്ധരുടെ ആരോഗ്യ ഗ്രാമത്തിൽ വ്യായാമത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ 346/21

അടങ്കൽ - 5,10,000 (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് - 4,99,665 (Bill No 15/19.06.20)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ നിർവഹണത്തിലെ പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

. സ.ഉ (പി) നം. 07/19/എസ്.ഡി.പി/26-04-19 പ്രകാരം 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെ (ആഹാര പദാർത്ഥങ്ങൾ, ലബോറട്ടറി *മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ഒഴികെ)* വാങ്ങലുകൾക്ക് GEM മുഖേനയുള്ള വാങ്ങലുകൾ നിർബന്ധമാക്കിയിട്ടുണ്ട്. *കൂടാതെ കംപ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും CPRCS മുഖേന വാങ്ങുന്നതും നിർബന്ധമാക്കിയിട്ടുണ്ട്. (സർക്കുലർ നം ഐ ടി സെൽ 1/26/2019 വി സ ഭ തീയതി 18.03.2019)*

എന്നാൽ പ്രോജക്ട് നം 262 (എ) പ്രകാരം ഹോണ്ട ജനറേറ്റർ, പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ, ലാപ്ടോപ്പ് തുടങ്ങിയ ഉപകരണങ്ങളും പ്രോജക്ട് നം 346 (ബി) പ്രകാരം മോട്ടോറൈസ്ഡ് ട്രെഡ് മിൽ, എക്സർസൈസ് സൈക്കിൾ, ഓർബി ട്രെക്ക് തുടങ്ങി വ്യായാമത്തിനുള്ള ഉപകരണങ്ങൾ KAICO യിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു.

** ജി. ഒ ആർ ടി നം 3299/2016/ തസ്വഭവ തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ടെണ്ടർ ഒഴിവാക്കി സാധനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി സ്ഥാപനങ്ങൾ സ്വയം നിർമിക്കുന്ന സാധനങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ KAICO യിൽ നിന്നും വാങ്ങിയിരിക്കുന്ന സാധനങ്ങൾ സ്വന്തമായി നിർമിച്ചവയല്ല.*

** മേൽ പ്രോജക്ടുകൾ പ്രകാരമുള്ള പർച്ചെയ്സുകൾക്ക് ശുപാർശ ചെയ്ത പ്രൊക്യുർമെന്റ് കമ്മിറ്റി മിനിട്സ്, പർച്ചെയ്സ് അംഗീകരിച്ച ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.*

** തുക ഓൺലൈനായി കൈമാറിയിരിക്കുന്ന അക്കൗണ്ടിന്റെ (അക്കൗണ്ട് നം 57012937708 SBIN0070026) ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ KAICO യിൽ നിന്നുള്ള കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്.*

<u>*മറ്റ് അപാകതകൾ*</u>

<u>*പ്രോജക്ടിന്റെ പേര് - ദുരന്തനിവാരണത്തിനുവേണ്ടിയുള്ള സൌകര്യമൊരുക്കൽ*</u>

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് പാറശ്ശാല അഗ്നിരക്ഷാ നിലയം സ്റ്റേഷൻ ഓഫീസർക്ക് ഉപകരണങ്ങൾ വാങ്ങിനൽകിയതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇപ്രകാരം പഞ്ചായത്തിന് കൈമാറിക്കിട്ടിയില്ലാത്ത സ്ഥാപനത്തിന് സാധനങ്ങൾ വാങ്ങി നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടില്ല.

** ആവശ്യകതാനിർണയം നടത്തിയതിന്റെ രേഖകൾ , അഗ്നിരക്ഷാനിലയത്തിൽ നിന്നും ഉപകരണങ്ങൾ ആവശ്യമുണ്ടെന്ന് ആവശ്യപ്പെട്ടതിന്റെ രേഖകൾ തുടങ്ങിയവയൊന്നും ലഭ്യമല്ല.*

** അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ ഭാഗികമായ മറുപടി ഇപ്രകാരമാണ്" അടിയന്തിര സാഹചര്യത്തിൽ ടി പദ്ധതി നടപ്പിലാക്കേണ്ടതുള്ളതിനാൽ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയിൽ നിന്നും ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുള്ളതാണ്" (ഓഡിറ്റ് എൻകയറി നം26/23.04.2022)*

അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും മതിയായ രേഖകൾ ഹാജരാക്കേണ്ടതുമാണ്. ചെലവുതുക 3,85,583/- രൂപ തടസ്സപ്പെടുത്തുന്നു.

<u>*പ്രോജക്ടിന്റെ പേര് - വൃദ്ധരുടെ ആരോഗ്യ ഗ്രാമത്തിന് വ്യായാമത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ*</u>

** വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്തതിന്റെയും ആയത് ആരോഗ്യഗ്രാമം ഹെൽത്ത് ക്ലബിന്റെ സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല.*

** 29.04.2022 ൽ ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ആര്യശ്ശേരി ചിറക്കുളത്തിന്റെ പരിസരത്തുള്ള ആരോഗ്യഗ്രാമം ഹെൽത്ത് ക്ലബിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ഹെൽത്ത് ക്ലബ് നിലവിൽ പ്രവർത്തിക്കാത്തതായും*

ജിംനേഷ്യത്തിന്റെ ആവശ്യത്തിലേയ്ക്കായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാത്തതിനാൽ പ്രവർത്തനരഹിതമായതായും കാണുന്നു.

കോവിഡ് 19വ്യാപനത്തെത്തുടർന്ന് താല്കാലികമായി ആരോഗ്യഗ്രാമത്തിന്റെ പ്രവർത്തനം നിർത്തിവയ്ക്കണ്ട സാഹചര്യമുണ്ടായി എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത് (ഓഡിറ്റ് എൻകുയറി നം 30/26-04-2022)

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾക്ക് മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.





1-31 ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - ചെലവുരേഖകൾ ഹാജരാക്കിയില്ല 90,000 /- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - പ്രവർത്തനങ്ങൾ (343/21)

അടങ്കൽ - 200000 (തനത് ഫണ്ട്)

ചെലവ് - 90,000 (ചെക്ക് നം 1787337/17.11.20)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം പ്രവർത്തനങ്ങൾക്കായാണ് (പൊതു ഓടകൾ വ്യത്തിയാക്കൽ, മാലിന്യകൂമ്പാരം നീക്കം ചെയ്യൽ, മോഡൽ ഗ്രീൻ വില്ലേജ് പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ) പ്രോജക്ട് തുക വകയിരുത്തിയിരിക്കുന്നത് . ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി നിയോഗിച്ച ഹരിത സഹായ സ്ഥാപനം എന്ന നിലയ്ക്ക് ഐ ആർ ടി സി (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട്) എന്ന സ്ഥാപനവുമായി 01.12.2019 ൽ കരാർ വയ്ക്കുകയും 90,000/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.(നടത്തിപ്പ് തുകയായി പ്രതിമാസം 33,268/- രൂപ നൽകുന്നതിനാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്) .

കരാർ പ്രകാരം ഐ.ആർ.ടി.സി ഹരിതകർമസേനയ്ക്ക് ആവശ്യമായ പരിശീലനം (രണ്ടുഘട്ടമായി) നൽകേണ്ടതും ആവശ്യകതാ നിർണയസർവേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടാക്കുകയും തദ്ദേശസ്ഥാപനത്തിന്റെ സമഗ്ര മാലിന്യസംസ്ക്കരണ വിശദാംശ രേഖ തയാറാക്കേണ്ടതും ഹരിതകർമസേനയ്ക്ക് പരിശീലനം നൽകേണ്ടതും , ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതുമാണ് . കൂടാതെ ഐ ആർ.ടി.സി വിദഗ്ധർ എല്ലാമാസവും തദ്ദേശഭരണസ്ഥാപനത്തിൽ നേരിട്ടെത്തി പ്രവർത്തനങ്ങൾ വിലയിരുത്തി അവസ്ഥാ

വിശകലന റിപ്പോർട്ട്, പ്രായോഗിക കർമപരിപാടി എന്നിവ കരാർവച്ച് പഞ്ചായത്തിന് നൽകേണ്ടതുമാണ്.

എന്നാൽ മേൽ പ്രവർത്തനങ്ങൾ നിർവഹിച്ചതിന്റെ റിപ്പോർട്ടുകളോ, മിനിട്സുകളോ , മറ്റ് അനുബന്ധ രേഖകളോ ലഭ്യമല്ല. മതിയായ രേഖകളുടെ അഭാവത്തിൽ 90,000/- രൂപ സ്ഥാപനത്തിന് നൽകിയിരിക്കുന്നു.

ആക്ഷൻ പ്ലാൻ ഐ.ആർ.റ്റി.സി യുടെ മേൽനോട്ടത്തിൽ തയാറാക്കിയിട്ടുള്ളതാണെന്നും ഓഫീസ് ഷിഫ്റ്റിംഗിന്റെ ഭാഗമായി പ്രോജക്ടുമായി ബന്ധപ്പെട്ട ചില ഫയലുകൾ,ടെണ്ടർ രജിസ്റ്റർ എന്നിവ മിസ് പ്ലേയ്സ് ആയിട്ടുണ്ടെന്നും ഉടനടി ഇവ കണ്ടെത്തി ബന്ധപ്പെട്ട പ്രോജക്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻകുയറി നം26/23.04.2022) മറുപടി ലഭ്യമാക്കി.

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന പ്രോജക്ടുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഏതു മാനദണ്ഡമനുസരിച്ചാണ് ഏതു കാലയളവിലേയ്ക്കുള്ള തുകയാണ് സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കേണ്ടതാണ്. അപാകതകളുള്ളതിനാൽ ചെലവുതുക 90,000 /- രൂപ തടസ്സപ്പെടുത്തുന്നു.

1-32 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 3456398/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	പ്രോജക്ട്	തുക സ്വീകരിച്ച സ്ഥാപനം, അടങ്കൽ	അടവാക്കിയ തുക (₹)	ബിൽ നം, തീയതി
1	എസ്.എസ്.എ വിഹിതം (01/21)	SSA , 10 ലക്ഷം (വികസനഫണ്ട് പൊതുവിഭാഗം)	10,00,000	5/08.05.20
2	ഐ.കെ.എം വിഹിതം (2/21)	ഐ.കെ.എം 176140 (വികസനഫണ്ട് പൊതുവിഭാഗം)	176140	3/08.05.20
3	വൈദ്യുതി ലൈൻ സ്ഥാപിക്കൽ (45/21)	കെ.എസ്.ഇ.ബി 3ലക്ഷം (2ലക്ഷം - വികസന ഫണ്ട്, 1 ലക്ഷം - തനത് ഫണ്ട്)	296381	2ലക്ഷം (ബിൽ നം 30/03.03.21) 96381 (ചെക്ക് നം 3701/01.03.21)
4	പി എം എ വൈ വിഹിതം 2020-21 (364/21)	പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് (5 ലക്ഷം , വികസന ഫണ്ട് പൊതുവിഭാഗം സാ.ധാ)	5 ലക്ഷം	5 ലക്ഷം (4/31.05.20)
5	ജലജീവൻ മിഷൻ പദ്ധതി 401/21	20,00,000 10,00,000 ധനകാര്യകമ്മിഷൻ ഗ്രാന്റ് 2,12,565 തനത് ഫണ്ട്	1212565	34/18.03.21 ,10ലക്ഷം ചെക്ക് നം1787381/18.03.21 Rs 212565
6	ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്40/21	കെ.എസ് ഇ ബി	271312	Rs .64064 (57027807400 SBIN0070037

		5 ലക്ഷം (തനത് ഫണ്ട്)		ചെക്ക് നം 3028/28.05.20) Rs .52222 (57060627722 SBIN0070460 ചെക്ക് നം 30340/11.06.20) Rs 94308 (57027807400 SBIN0070037 ചെക്ക് നം 3348/20.10.20) Rs 38862 (57027807400 SBIN0070037) ചെക്ക് നം 3380/2.11.20 Rs 21856 (67317650635 SBIN0070037) ചെക്ക് നം 1787370/16.03.21
ആകെ			**3456398**	

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവുതുക34,56,398/- രൂപ തടസ്സപ്പെടുത്തുന്നു.

മറ്റ് അപാകതകൾ

. തുക കൈമാറിയ അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ക്രമ നം 1പ്രകാരം തുക 0819101095546(CNRB0000819) നമ്പർ അക്കൌണ്ടിലേയ്ക്കും , ക്രമ നം 2 പ്രകാരം തുക 57047023512(SBIN0070690) നമ്പർ അക്കൌണ്ടിലേയ്ക്കും ക്രമ നം 3 പ്രകാരം 296381/- രൂപ 57027807400 (SBIN0070037) എന്ന അക്കൌണ്ടിലേക്കും ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ മാത്രമാണുള്ളത്. എന്നാൽ പ്രസ്തുത അക്കൌണ്ടുകൾ ആരുടേതാണെന്ന് വ്യക്തതയില്ല. ആധികാരിക രേഖകൾ ലഭ്യമാക്കേണ്ടതാണ്. തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കേണ്ടതാണ്.

. നിർവഹണ ഏജൻസിയുമായി കരാർ വച്ചിട്ടില്ല.

ക്രമനം 3 പ്രകാരം കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസിന്റെ മാത്രം അടിസ്ഥാനത്തിലാണ് തുക കൈമാറിയിരിക്കുന്നത് . ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി കരാർ വച്ചിട്ടില്ല. ഡി എ 1/881/2018/തസ്വഭവ തീയതി 22.12.2018 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക കൈമാറുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കാതെ തുക കൈമാറിയിരിക്കുന്നു. കൂടാതെ ഡെപ്പോസിറ്റുവർക്കിനായി തുക നൽകുമ്പോൾ നവംബർ 30 നകം നൽകണമെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല (ഡി എ 1/798/2018/തസ്വഭവ തീയതി 21.11.2018).

മേൽ പരാമർശിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻകപയറി നം 12/20.04.2022)

. ഡെപ്പോസിറ്റ് വർക്കിനുള്ള തുക വ്യക്തിയുടെ അക്കൌണ്ടിലേയ്ക്ക് നൽകി

ക്രമ നം 6ൽ 21,856/- രൂപ വർദ്ധൻ എന്ന വ്യക്തിയ്ക്കാണ് നൽകിയിരിക്കുന്നത് തുക കെ.എസ്.ഇ.ബി യ്ക്ക് നൽകാതെ വ്യക്തിയുടെ അക്കൌണ്ടിലേയ്ക്ക് നൽകിയിരിക്കുന്നു.

ഇലക്ട്രിക് പോസ്റ്റ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കരാറുകാരനാണ് ശ്രീ വർദ്ധൻ എന്നും ടിയാൻ പോസ്റ്റ് ഷിഫ്റ്റിംഗിനുള്ള ചാർജ് കെ.എസ്.ഇ.ബി യിൽ ഒടുക്കി ബിൽ ഹാജരാക്കിയിട്ടുണ്ട് എന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 17/22.04.22) മറുപടി ലഭ്യമാക്കി. എന്നാൽ കെ.എസ്.ഇ.ബി യിൽ തുക ഒടുക്കിയ രസീത് ഓഡിറ്റിന്

ലഭ്യമാക്കിയിട്ടില്ല. കൂടാതെ ശ്രീ വർദ്ധന്റെ ബാങ്ക് അക്കൌണ്ട് ഡീറ്റയിൽസ് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

1-33 ആയുർവ്വേദ ആശുപത്രി ഭൌതിക നിലവാരം ഉയർത്തൽ - 12437/- രൂപയുടെ ചെലവ് തടസ്സപ്പെട്ടുത്തുന്നു.

പദ്ധതിയുടെ പേരും നമ്പരും	ആയുർവ്വേദ ആശുപത്രി ഭൌതിക നിലവാരം ഉയർത്തൽ (219/21)
അടങ്കൽ തുക	543000/-(CFC Fund)
ചെലവ് തുക	381837/-
ബിൽ നം	1/15.5.2020
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

മേൽ പദ്ധതി പ്രകാരം ആയുർവ്വേദ ആശുപത്രിയ്ക്ക് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള ആഗ്രോ ഇൻഡസ്ട്രീസിന്റെ ടാക്സ് ഇൻവോയ്സ് പ്രകാരം 319990/- രൂപയ്ക്കും എച്ച് എൽ എൽ ഫാർമസി ആന്റ് സർജിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 61847/- രൂപയ്ക്ക് മറ്റ് ഉപകരണങ്ങളും വാങ്ങി. ഇതിൽ കേരള ആഗ്രോ ഇൻഡസ്ട്രീസിന്റെ ടാക്സ് ഇൻവോയ്സ് നം X-1036/19-20, 13.2.2020 പ്രകാരം വാങ്ങിയ ഉപകരണങ്ങളിൽ 6218.49 രൂപ നിരക്കിലുള്ള രണ്ട് X-Ray Viewer (12437/- രൂപ) ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19.4.2022 ലെ ഓഡിറ്റ് അന്വേഷണം നം.9) മറുപടി ലഭ്യമാക്കിയില്ല. X-Ray Viewer ആശുപത്രിയിൽ ലഭ്യമാക്കി അറിയിക്കുന്നതുവരെ 12437/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-34 ഫർണിച്ചർ വാങ്ങൽ - ചെലവുതുകയിൽ വ്യക്തതയില്ല- 168900/- രൂപ തടസ്സപ്പെട്ടുത്തുന്നു.

പ്രോജക്ട് നം 422/21

പ്രോജക്ടിന്റെ പേര് - പുത്തൻകട കല്യാണ മണ്ഡപത്തിന് ഫർണിച്ചർ വാങ്ങൽ

അടങ്കൽ - 2 ലക്ഷം (തനത് ഫണ്ട്)

ചെലവ് - 168900 (ചെക്ക് നം 1787346/15.12.20 LGTSB Rs 98,900/-

ചെക്ക് നം 1787350/23.12.20 Rs 70000/-)

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

. പ്രോജക്ടിനോടൊപ്പം ലഭ്യമാക്കിയ ബില്ലുകൾ പ്രകാരം ചെലവുതുക 1,68,900/- *രൂപയാണ്. എന്നാൽ ചെലവുപത്രിക പ്രകാരം ചെലവ് 1,98,650/-* ആണ്.

. കല്യാണമണ്ഡപത്തിലേയ്ക്ക് 200 കസേര വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ (കല്യാണ മണ്ഡപത്തിലെ സ്റ്റോക്ക് രജിസ്ററർ) ലഭ്യമാക്കിയിട്ടില്ല.

. കല്യാണമണ്ഡപത്തിലെ കസേരകളുടെ പെയിന്റിംഗുമായി ബന്ധപ്പെട്ട പ്രവർത്തി നടത്തിയതിന് എസ്.കെ എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ കവട്ടേഷൻ അംഗീകരിച്ച് 98,900/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത കവട്ടേഷൻ അംഗീകരിച്ച ഭരണസമിതി

തീരുമാനം, പ്രക്യുർമെന്റ് കമ്മിറ്റി ശുപാർശ, പ്രവർത്തി പൂർത്തിയാക്കിയത് മോണിറ്റർ ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻകൃയറി നം. 12/20.04.2022). പ്രോജക്ട് നിർവഹണത്തിലും ചെലവ് തുകയിലും അവ്യക്തതയുള്ളതിനാലും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ചെലവുതുക 168900 /- രൂപ തടസ്സപ്പെടുത്തുന്നു.

1-35 കുടിവെള്ള വിതരണം- അപാകതകൾ

പ്രോജക്ട് നം , പേര് - 362/21, കുടിവെള്ള വിതരണം

അടങ്കൽ -3ലക്ഷം (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് -1,66,000(ബിൽ നം 91/11.05.20 Rs 130000)

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ഥലങ്ങളിലും അടിയന്തിര ഘട്ടങ്ങളിലും കുടിവെള്ള വിതരണം നടത്തുന്നതിനുവേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്.

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

. സ.ഉ (സാധാ) 494/2020/തസ്വഭവ തീയതി 27.02.2020 പ്രകാരം ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ആണ് കുടിവെള്ള വിതരണം നടത്തേണ്ടത്. കൂടാതെ ജി പി എസ് ലോഗും വാഹനത്തിന്റെ ലോഗും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തി വേണം തുക അനുവദിക്കേണ്ടത്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

. 10000ലിറ്റർ കുടിവെള്ളം നെയ്യാറ്റിൻകര വാട്ടർ അതോറിറ്റിയിൽ നിന്നെടുത്ത് പഞ്ചായത്ത് പ്രദേശങ്ങളിൽ ട്രിപ്പിന് 2000രൂപ നിരക്കിൽ എത്തിക്കുന്നതിന് സജു എസ് (കെ എൽ 19 കെ 3489) എന്ന വ്യക്തിയ്ക്കാണ് തുക അനുവദിച്ചിരിക്കുന്നത്. പ്രസ്തുത വ്യക്തിയുടെ കവട്ടേഷൻ അംഗീകരിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല

. സജു എസ് കെ യ്ക്ക് 2020-21 വർഷം 1,66,000/- രൂപ പ്രതിഫലമിനത്തിൽ നൽകിയിട്ടുണ്ട്. ടിയാനിൽ നിന്നും ആദായനികുതി ടി.ഡി.എസ് ഇനത്തിൽ നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന 1660/- രൂപ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻകൃയറി നം 12/20.04.2022)

1-36 പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം, അല്ലാത്തവ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക, കുടിശ്ശികയിനത്തിലെ തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

ധനകാര്യപത്രിക പ്രകാരം (ലെഡ്ജർ ബുക്ക് 230110102 – Water Charges For Street Water Tap) പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2020-21 വർഷം 8,75,878/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി നെയ്യാറ്റിൻകര യിൽ നിന്നും ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്ത് പരിധിയിലെ 335 പൊതുടാപ്പുകൾക്കാണ് 5250/- രൂപ നിരക്കിൽ തുക കണക്കാക്കിയിട്ടുള്ളത്. കുടിശ്ശികയിനത്തിലും പിഴപലിശയിനത്തിലും വലിയ തുകയാണ് ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്ന്. കൂടിയ തുക ബാധ്യതയുണ്ടാകാനുള്ള കാരണം വ്യക്തമല്ല. ഉപയോഗപ്രദമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധനടത്തിയിട്ടില്ല. കുടിശ്ശിക ഇനത്തിലുള്ള ബാദ്ധ്യത ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിനും തീർപ്പാക്കുന്നതിനും ഇതേവരെ ഗ്രാമപ്പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം, അല്ലാത്തവ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സംയുക്ത പരിശോധനനടത്തി പ്രവർത്തനക്ഷമവും പൊതുജനോപകാര പ്രദവുമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അർഹമായ തുകമാത്രമാണ് വെള്ളക്കരമിനത്തിൽ ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വെള്ളക്കരമിനത്തിൽ യഥാസമയം തുക അടവാക്കാത്തത് പിഴപ്പലിശയിനത്തിലും കുടിശ്ശികയിനത്തിലും പഞ്ചായത്തിന് അധികബാധ്യത ഉണ്ടാക്കും . പൊതു ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനും വാട്ടർചാർജ്ജ് ഇനത്തിലെ ഒടുക്കുകൾ രേഖപ്പെടുത്തുന്നതിനുമുള്ള രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം 25/23.04.2022)

1-37 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാമെന്നുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

പഞ്ചായത്തുകമ്മിറ്റിയുടെ തീരുമാനപ്രകാരം അക്കൌണ്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

(ഓഡിറ്റ് എൻകയറി നമ്പർ 1 /18.04.2022).

1-38 ലോഗ് ബുക്ക് പരിപാലനം തൃപ്തികരമല്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

കെ.എൽ 19 6802, കെ.എൽ 19എ 6886 എന്നീ വാഹനങ്ങളുടെ ലഭ്യമാക്കിയ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുകയോ ഇന്ധനം നിറച്ച വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ

ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. അറ്റകുറ്റപണികളുടെ വിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല

മുൻബാക്കി, നിറച്ച ഇന്ധനം, ഉപയോഗിച്ച ഇന്ധനം, സഞ്ചരിച്ച ദൂരം, നീക്കീയിരിപ്പ് എന്നീ വിവരങ്ങളുടെ മാസാന്ത്യ സംക്ഷിപ്തം ഓരോ മാസത്തിന്റെ അവസാന ദിവസവും വർഷാന്ത്യ സംക്ഷിപ്തം സാമ്പത്തിക വർഷാവസാനവും രേഖപ്പെടുത്തേണ്ടതും ആയത് കസ്റ്റോഡിയൻ-ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

4. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

5. വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ ഒപ്പു വച്ചിട്ടില്ല.

വിവിധ തീയതികളിൽ പഞ്ചായത്ത് വാഹനം ഉപയോഗിച്ച വ്യക്തി 8,13 കോളങ്ങളിൽ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല.

6. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, വാഹനത്തിന്റെ ഇനം എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം 6/19.04.2022)

വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-39 ജനറേറ്ററിന്റെ ലോഗ് ബുക്ക് , ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല

പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനറേറ്ററിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ലോഗ്ബുക്ക്, ഇന്ധന രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ആവശ്യപ്പെട്ട് 19.04.2022 നു നൽകിയ 6 നമ്പർ ഓഡിറ്റ് എൻകപയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബിൽ രജിസ്റ്റർ പ്രകാരം ജനറേറ്ററിന്റെ എ.എം.സി ചാർജിനത്തിൽ 14,723/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം 2992/22.05.20) . തുടർന്ന് 15.03.2021 ൽ ജനറേറർ സർവീസിംഗിനായി 31,565/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത വൌച്ചർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. എ.എം.സി യുടെ കാലയളവിലാണോ സർവീസിംഗിനായി തുക ചെലവഴിച്ചത്, ഏതിനത്തിനാണ് സർവീസ് ചെയ്തത് എന്നീ വിശദാംശങ്ങളൊന്നും ലഭ്യമായിരുന്നില്ല.ജനറേറ്ററിന്റെ പ്രവർത്തനം സംബന്ധിച്ച രജിസ്റ്ററുകൾ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-40 കോവിഡ് പ്രവർത്തനം- അവലോകനം

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ ഹെൽപ്പ്ലസ്ക്ക്, Emergency Response Team എന്നിവ രൂപീകരിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1364/2020/ത.സ്വ.ഭ.വ.പ്രകാരം സി.എഫ്.എൽ. ടി.സിയുടെ രൂപീകരണത്തിനും പ്രവർത്തനത്തിനുമായി മാനേജിംഗ് കമ്മിറ്റിയും കോർ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

ലഭ്യമാക്കിയ രേഖകൾ, ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി എന്നിവ പ്രകാരം സി.എഫ്.എൽ.ടി. സിയുടെ പ്രവർത്തനം (ശ്രീകൃഷ്ണ ഫാർമസി കോളേജ്) 15.07.2020മുതൽ 21.12.2020 വരെ നടത്തിയിട്ടുണ്ട്. പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും 3620956/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും 20,00,000/- രൂപ 03/09/2020-ൽ പഞ്ചായത്തിന് (അക്കൌണ്ട് നം. STSB799011400006518) ലഭ്യമായിട്ടുണ്ട്. ബാക്കി തുക കൂടി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 26.03.2020-ലെ സ.ഉ(സാധാ)നം.713/2020/ത.സ്വ.ഭ.വ. പ്രകാരം ഒരു കമ്മ്യൂണിറ്റി കിച്ചൺ 28/03/2020 മുതൽ പ്രവർത്തിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻകൃയറി നമ്പർ 5/ 19.04.2022)

1-41 മാറ്റിവച്ച ശമ്പളം തിരികെ നൽകിയതിലെ അപാകതകൾ

സ.ഉ.(അച്ചടി) നം. 46/2020/ധന തീയതി 23.04.2020 ൽ പ്രകാരം സർക്കാർ ജീവനക്കാർ, അധ്യാപകർ തുടങ്ങിയ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളം 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലായി 5 ഗഡുക്കളായി മാറ്റി വക്കുന്നതിനു നിർദ്ദേശിച്ചിരുന്നു. കൂടാതെ, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നേരിട്ട് ശമ്പളം പിൻവലിക്കാത്ത വിഭാഗം ജീവനക്കാരുടെ മാറ്റിവക്കപ്പെട്ട ശമ്പളം, ഒരു പ്രത്യേക എസ്.റ്റി.എസ്.ബി. അക്കൌണ്ടിൽ ഒരാഴ്ചക്കുള്ളിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സ.ഉ.(കൈ)നം.73/2020/ തസ്വഭവ തീയതി 05.05.2020 ഉത്തരവിലൂടെ തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെ ഒരു മാസത്തെ ഓണറേറിയം ഏപ്രിൽ മുതൽ നാലു ഗഡുക്കളായി ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇതിലേയ്ക്കായി പഞ്ചായത്തിൽ പ്രത്യേക ട്രഷറി അക്കൌണ്ട് ആരംഭിച്ചിരുന്നു (അക്കൌണ്ട് നം 799012900000170) . സ.ഉ.(അച്ചടി) നം. 43/2021/ധന തീയതി 26.02.2021 പ്രകാരം, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവക്കപ്പെട്ട ശമ്പളം 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലായി 5 ഗഡുക്കളിലായി തിരികെ അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു.

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മാറ്റിവക്കപ്പെട്ട തുക ഗഡുക്കളായി തിരികെ അനുവദിക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും, ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന മാറ്റിവച്ച ശമ്പളം ഗ്രാമപഞ്ചായത്തിന്റെ റ്റി.എസ്.ബി തനതു അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു ലഭ്യമായപ്പോൾ പ്രസ്തുത തുക ചുവടെ ചേർക്കും പ്രകാരം ഒറ്റതവണയായി ജീവനക്കാർക്ക് അനുവദിക്കുകയുണ്ടായി.

ചെക്ക് നം.	തീയതി	തുക
109697	31/03/2021	174400
109679	24/03/21	755102

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (45/27.04.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ മാറ്റിവക്കപ്പെട്ട ശമ്പളാനുകൂല്യങ്ങൾ തിരികെ അനുവദിച്ചതിന് സർക്കാർ സാധൂകരണം നേടേണ്ടതും, ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മാറ്റിവച്ച ശമ്പളം നിക്ഷേപിക്കുന്നതിനായി ആരംഭിച്ച അക്കൌണ്ടിൽ നിന്നും 24/03/2021, 31/03/21 തീയതികളിൽ യഥാക്രമം 7,55,102/- രൂപ 1,74,400/- രൂപ പിൻവലിച്ചിട്ടുണ്ട്. നൽകിയ മുഴുവൻ തുകയും തിരികെ ലഭ്യമാക്കിയിട്ടുണ്ടോ എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-42 വികസന ഫണ്ട് (റ്റി.എസ്.പി) - റ്റി.എസ്.പി ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമല്ല.

ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം വികസന ഫണ്ട് റ്റി എസ് പി ഫണ്ടിനത്തിൽ 2,46,373/- രൂപ അലോട്ട്മെന്റ് ലഭ്യമായിരുന്നു. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം 360/20 പ്രകാരം റ്റി.എസ്.പി വിഭാഗത്തിൽ റ്റി എസ് പി ഫണ്ട് തുക തിരിച്ചടവ് എന്ന പ്രോജക്ട്

ആവിഷ്കരിച്ചുവെങ്കിലും (അടങ്കൽ 2,61,000) നടപ്പിലാക്കിയിട്ടില്ല. ഇത്തരത്തിൽ പ്രോജക്ട് ആവിഷ്കരിക്കാനുണ്ടായ കാരണം വ്യക്തമല്ല. ഹഡ്കോ വായ്പ തിരിച്ചടവ് (റ്റി.എസ്.പി) ഇനത്തിൽ ഓഡിറ്റ് വർഷം 2 പ്രോജക്ടുകളുണ്ട്. പഞ്ചായത്തിലെ റ്റി.എസ്.പി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം, ഹഡ്കോ വായ്പ (റ്റി.എസ്.പി) ഇനത്തിൽ ലഭ്യമായ ആകെ ഫണ്ട്, റ്റി.എസ്.പി ഗുണഭോക്താക്കൾക്കായി ചെലവഴിച്ച തുക തുടങ്ങിയവുടെ വിവരം ലഭ്യമല്ല. വായ്പയിനത്തിൽ റ്റി.എസ്.പി ഫണ്ട് ലഭ്യമായിട്ടില്ലായെങ്കിൽ തുക തിരിച്ചടക്കേണ്ട സാഹചര്യമുണ്ടാകുന്നില്ല. വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 36തീയതി 27.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-43 റിക്കവറിയിനത്തിൽ കുറവുചെയ്ത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കിയില്ല- 28022/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2021 മെയ് മാസത്തെ വൌച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഇനങ്ങളിൽ ചെക്ക് മുഖേന തുക പിൻവലിച്ചിട്ടുണ്ടെങ്കിലും തുക ബന്ധപ്പെട്ട അക്കൌണ്ടുകളിലേയ്ക്ക് അടവാക്കിയതിന്റെ രേഖകൾ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമല്ല. വിശദാംശം ചുവടെ

ഇനം	തുക	ചെക്ക് നം , തീയതി	തുക നൽകിയിരിക്കുന്ന വ്യക്തി
ഇ.പി.എഫ്	3762	2895/06.05.20	പഞ്ചായത്ത് ഡയറക്ടർ
ഇ.പി.എഫ്	19260	2896/06.05.20	പഞ്ചായത്ത് ഡയറക്ടർ
കോ ഓപ്പറേറ്റീവ് റിക്കവറി	5000	9898/06.05.20	സെക്രട്ടറി പൂവാർ കോ ഓപ്പറേറീവ് സൊസൈറ്റി
ആകെ	**28022**		

28,022/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒടുക്കിയതിന്റെയോ, അല്ലാത്ത പക്ഷം തുക തിരികെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയതിന്റെയോ,തുക ക്രമീകരിച്ചതിന്റെയോ രേഖകൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം 13/ 20.04.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ 28022/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തുക ക്രമീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. രേഖകൾ, വിശദീകരണം എന്നിവയുടെ അഭാവത്തിൽ 28022/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-44 ചെലവുരേഖകളില്ല- 293126/- രൂപ തടസ്സപ്പെടുത്തുന്നു.

സെൻട്രൽ ബാങ്ക് തനത് ഫണ്ട് അക്കൌണ്ടിന്റെ ബാങ്ക് പാസ് ബുക്ക് പ്രകാരം (അക്കൌണ്ട് നം. 3366828404) ചെക്ക് നം. 3651/ 18.02.2021 മുഖേന 2,93,126/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട വിവരങ്ങൾ ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സാംഖ്യ പേയ്മെന്റ് വൌച്ചർ, കണ്ടിജന്റ് ബിൽ, ചെലവുരേഖകൾ എന്നിവയൊന്നും ലഭ്യമല്ല. ചെലവുരേഖകളുടെ അഭാവത്തിൽ പ്രസ്തുത ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻകയറി നം. 13/ 20.04.2022) അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-45 ബില്ലുകൾ, ചെലവുരേഖകൾ, ബന്ധപ്പെട്ട വൌച്ചറുകൾ ലഭ്യമാക്കിയിട്ടില്ല - 454568/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഫെബ്രുവരി 2021 ലെ വൌച്ചറുകൾ പരിശോധിച്ചതിൽ വിവിധ ചെലവുകളുമായി ബന്ധപ്പെട്ട വൌച്ചറുകൾ, കണ്ടിജന്റ് ബില്ലുകൾ, സാംഖ്യ വൌച്ചറുകൾ എന്നിവ

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ കണ്ടിജന്റ് ബില്ലുകളോടൊപ്പം സാംഖ്യ വൌച്ചറുകൾ തയാറാക്കി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ

വൌച്ചർ നം ,	ചെക്ക് നം തീയതി	തുക (രൂപ)	ചെലവിനം	കുറിപ്പ്
22001530	---	---	രേഖപ്പെടുത്തിയിട്ടില്ല	
22001546-49	3636/2.02.21	128725	അഡ്വാൻസ് സാലറി , എൻ ആർ ഇ ജി എസ്	ബിൽ, വൌച്ചർ ലഭ്യമല്ല
22001584	3655/12.02.21	7336	എ. ഇ കെ.എസ്ഇ ബി , പാറശ്ശാല	ഡിമാന്റ് നോട്ടീസ്, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയില്ല
22001582	3653/12.02.21	680	ആക്ഷൻ പ്ലാൻ, ഫോട്ടോകോപ്പി	ബിൽ, വൌച്ചർ ലഭ്യമല്ല
22001596	3663/17.02.21-7000	4500	എ4 സൈസ് പേപ്പർ വാങ്ങിയത്MGNREGS	ബിൽ, വൌച്ചർ ലഭ്യമല്ല
22001594	3662/16.02.21	436	നെടിയാംകോട് സേവാഗ്രാം തുക അടച്ച രസീത്	ബിൽ, വൌച്ചർ ലഭ്യമല്ല
22000218	2924/11.05.20	9904	കോവിഡ് 19 അതിർത്തി യൂണിറ്റിൽ പെഡസ്ട്രൽ ഫാൻ വാങ്ങിയത്	ബിൽ, വൌച്ചർ ലഭ്യമല്ല
22001581	165361/12.02.21	155279	സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൌച്ചർ , മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല	
2202047	1787377/08.03.21	13301	പട്ടികജാതി പരിശീലനകേന്ദ്രം - കാലാവധി കഴിയാത്തതിനാൽ പിഴയിനത്തിൽ പിടിച്ച തുക തിരികെ നൽകുന്നത്	
22002066	3745/17.03.21	3519	സ്റ്റേഷനറി വാങ്ങിയത് - എൻ ആർ ഇ ജി എസ്	
2002067	3746/17.03.21	22848	ടെണ്ടർ ആപ്ലിക്കേഷൻ- എൻ ആർ ഇ ജി എസ്	

ലഭ്യമല്ല	3699/01.03.21	1909	സ്റ്റേഷനറി വാങ്ങിയത്
ലഭ്യമല്ല	3700/01.03.21	1250	ടോണർ റീ ഫില്ലിംഗ്
ലഭ്യമല്ല	3701/01.03.21	96381	സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ
ലഭ്യമല്ല	3703/01.03.21	8500	പരശുവയ്ക്കൽ പി.എച്ച്.സി യിൽ കർട്ടൻ വാങ്ങിയത്
ആകെ		454568	

ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 454568/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

അപാകതകൾ സംബന്ധിച്ച് നൽകി ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻകൗയറി നം 4/19.04.2022, 8/19.04.2022, 13/ 20.04.2022)

1-46 വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

ചെക്ക് നം 3686/20.02.21 പ്രകാരം (വൌച്ചർ നം 22001621) എസ് എം പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ ചേർക്കുന്ന സ്റ്റേഷനറി ഇനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയത് ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഫയൽ ബോർഡ് 100എണ്ണം, 300 പേജ് രജിസ്റ്റർ 23 എണ്ണം, 100 പേജ് രജിസ്റ്റർ 25എണ്ണം). ലഭ്യമായ ഇനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണത്തിന്റെ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-47 അസറ്റ് മാനേജ്മെന്റ് - സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

20.01.2017 ലെ ജി.ഒ(ആർ.ടി)നം.166/17/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിൽ വന്നിട്ടുണ്ടങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം എന്നിവ ലഭ്യമാക്കുന്നതിന് 26.04.2022 ൽ ഓഡിറ്റ് അന്വേഷണം നം.39പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ, ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ, ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നുമുള്ള നിർദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ എന്നിവയും ലഭ്യമാക്കിയിട്ടില്ല.

അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദേശങ്ങൾ പാലിച്ച് ആസ്തി സംരക്ഷണം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-48 ടെൻഡർ എക്സ്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാർ നേടിയ വ്യക്തി പ്രവൃത്തി പൂർത്തിയാക്കി

പദ്ധതിയുടെ പേരും നമ്പരും	ശ്മശാന ഓഫീസ് കെട്ടിടവും അനുബന്ധ പണികളും മുറിയതോട്ടം വാർഡ് (385/21)	ശ്മശാനം നിർമ്മാണം രണ്ടാം ഘട്ടം (300/21)
അടങ്കൽ തുക	800000/-(Own Fund)	2500000/-(CFC Grant)
ചെലവ് തുക	799999/-	2499567/-
ബിൽ നം/ചെക്ക് നം	1787367/12.02.2021	85/11.3.2020
എം ബുക്ക് നം	68/20-21	307/19-20
	44952/20-21	51501/19-20
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ	ശ്രീ. വർദ്ധനൻ എൻ	ശ്രീ. വർദ്ധനൻ എൻ

ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മേൽ പദ്ധതികളിലെ ടെൻഡർ സേവിംഗ്സ് ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അതേ കരാറുകാരൻ പദ്ധതി പൂർത്തീകരിച്ചു. ആയതിന് ഭരണസമിതി അനുമതി നൽകിയിരിക്കുന്നു. പദ്ധതി പൂർത്തീകരണത്തിന് അനുബന്ധ പ്രവൃത്തികൾ ആവശ്യമായതിനാൽ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വരുത്താതെ റിവൈസ് ചെയ്യുന്നതിനാണ് അനുമതി നൽകിയത്. ശ്മശാന ഓഫീസ് കെട്ടിടവും അനുബന്ധ പണികളും മുറിയതോട്ടം വാർഡ് എന്ന പദ്ധതിയിൽ ജലലഭ്യതയ്ക്കായി പൈപ്പ് കണക്ഷനു വേണ്ടി മുപ്പതിനായിരത്തോളം ചെലവ് വരുന്ന പ്രവർത്തികളാണ് അനുബന്ധമായി നിർവ്വഹിച്ചിരിക്കുന്നത്. എന്നാൽ ടെൻഡർ സേവിംഗ്സ് 125780/- രൂപയും ഉൾപ്പെടുത്തി പദ്ധതി റിവൈസ് ചെയ്ത് കരാറുകാരന് തുക നൽകി. പദ്ധതി രൂപീകരണ വേളയിലും എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിലും കൃത്യമായ പരിശോധനയും അവലോകനവും നടക്കാത്തതാണ് ഇത്തരം നടപടികൾക്ക് കാരണമാകുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 38/26.4.2021 ന് മറുപടിയായി പ്രവൃത്തി ആരംഭിച്ചപ്പോൾ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളും മേലുദ്യോഗസ്ഥരും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 24ഇനങ്ങളുടെ അളവ് ഒറിജിനൽ എസ്റ്റിമേറ്റിനെക്കാൾ കൂടുതൽ അളവിൽ ചെയ്യേണ്ടതാണെന്ന് കണ്ടെത്തി യതിനാലും പൈപ്പ് കണക്ഷൻ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചതിനാലും അതേ കരാറുകാരന് പ്രവൃത്തി നിർവ്വഹണം നൽകുന്നതിന് തിരുമാനം ഉണ്ടായി എന്നറിയിച്ചു.

മരാമത്ത് പ്രവൃത്തികൾ സുതാര്യതയോടും മൽസരാടിസ്ഥാനത്തിൽ ഗുണമേൻമയോടും കൂടി നിർവ്വഹിക്കപ്പെടുന്നതിനുള്ള ടെൻഡർ സംവിധാനത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്ന തരത്തിലാണ് മേൽ പദ്ധതികൾ നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കി സുതാര്യമായും നിയമാനുസതമായും പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

1-49 മെയിന്റനൻസ്, അടിസ്ഥാന സൌകര്യ വികസനം പദ്ധതി ലക്ഷ്യം കണ്ടില്ല

പദ്ധതിയുടെ പേരും നമ്പരും	പാറശ്ശാല ഗവ. എൽ പി സ്കൂൾ മെയിന്റനൻസ് (307/21)
അടങ്കൽ തുക	500000/-(Own Fund)
ചെലവ് തുക	495800/-

ബിൽ നം/ചെക്ക് നം	1787303/26.8.2020
എം ബുക്ക് നം	603/19-20, 248/19-20
	112490/19-20
നിർവ്വഹണ ഉദ്യോഗസ്ഥൻ	ശ്രീമതി ജയറാണി, ഹെഡ്മിസ്ട്രസ്സ് ഗുണഭോക്തൃ സമിതി കൺവീനർ

സ്കൂളിന്റെ അടുക്കള മെയിന്റനൻസ് നടത്തി നവീകരിക്കുക, പൂന്തോട്ടം നിർമ്മിക്കുക, സെപ്റ്റിക് ടാങ്ക് നിർമ്മിക്കുക, ക്ലാസ്സ് റൂമുകളിൽ പി വി സി സീലിംഗ്, പൊളിഞ്ഞുപോയ സീലിംഗ് റീഫിക്സ് ചെയ്യുക എന്നിവ നിർവ്വഹിക്കുന്നതിന് മേൽ പദ്ധതി നടപ്പാക്കി. പദ്ധതിയുടെ സ്ഥല പരിശോധനയിൽ ക്ലാസ്സ് റൂമുകളിലും വരാന്തയിലും സീലിംഗ് ചെയ്തിരിക്കുന്നത് പൊളിഞ്ഞു പോയതായി കണ്ടെത്തി. 7.7.2020 ൽ പൂർത്തീകരിച്ച സീലിംഗ് പ്രവൃത്തി ചുരുങ്ങിയ കാലത്തിനുള്ളിൽ നശിച്ചുപോയതിന് കാരണം അറിയിക്കുന്നതിന് 29.04.2022 ലെ ഓഡിറ്റ് അന്വേഷണം നം.46 ന് മറുപടി ലഭ്യമാക്കിയില്ല. മോണിറ്ററിംഗ് സമിതിയും ഭരണസമിതിയും ഈ വിഷയം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. കരാറുകാരനെക്കൊണ്ട് പൊളിഞ്ഞുപോയ സീലിംഗ് പൂർവ്വസ്ഥിതിയിലാക്കി ആരോഗ്യകരമായ അന്തരീക്ഷത്തിൽ കുട്ടികൾക്ക് പഠനം നടത്തുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പാക്കി അറിയിക്കേണ്ടതാണ്.





1-50 ജൈവ പച്ചക്കറി കൃഷി - പച്ചക്കറി തൈകൾ ലഭ്യമായിട്ടില്ല

പദ്ധതിയുടെ പേരും നമ്പരും	ജൈവ പച്ചക്കറി കൃഷി (26/21)	ജൈവ പച്ചക്കറി കൃഷി (SO) (221/21)
അടങ്കൽ തുക	948750/-(Deve. Fund)	718750/-(Deve. Fund)
ചെലവ് തുക	948750/-	718750/-
ബിൽ നം	14/16.7.2020 718750/- 17/21.8.2020 230000/-	3/15.4.2020 To 9/ 15.4.2020 @93150/- 10/ 15.4.2020 66700/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ	കൃഷി ഓഫീസർ

ജൈവ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് മേൽ പദ്ധതികൾ പ്രകാരം പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന വസ്തുതകൾക്ക് വിശദീകരണം / രേഖകൾ ഹാജരാക്കേണ്ടതാണ്.

1. അഞ്ച് ലക്ഷത്തിന് മുകളിൽ തുക വകയിരുത്തിയ പദ്ധതിയിൽ ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. മേൽ രണ്ട് പദ്ധതികളുടെയും കരാർ നേടിയ ഡി ജെ എം ഹൈടെക് നഴ്സറി ഗാർഡൻ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും പച്ചക്കറി തൈകൾ വാങ്ങിയിരിക്കുന്നു. സ്പിൽ ഓവർ പദ്ധതി പ്രകാരം (221/21) ഏഴ് കാഷ് ബില്ലുകൾ പ്രകാരം 40500 പച്ചക്കറി തൈകളും ഒരു കാഷ് ബിൽ പ്രകാരം 29000 പച്ചക്കറി തൈകളും ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് അന്വേഷണം നം.29/25.4.2022 ന്റെ അടിസ്ഥാനത്തിൽ പരിശോധനയ്ക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 423/26.1.2020 -ാം നമ്പർ പ്രകാരം ലഭ്യമായ 40500 പച്ചക്കറി തൈകൾ ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

പച്ചക്കറി തൈകൾ ലഭ്യമായിട്ടില്ലെങ്കിൽ പ്രസ്തുത ബിൽ പ്രകാരം നൽകിയ തുക തിരികെ ഈടാക്കി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-51 സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം

ധനകാര്യപത്രിക പ്രകാരം ദിവസവേതന ജീവനക്കാരുടെ വേതനമിനത്തിൽ 2020-21 സാമ്പത്തിക വർഷം 26,14,421/- രൂപ നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വിശദാശം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം 47/ 29.04.2022)

സ.ഉ(പി)നം.28/2016/ധന തീയതി 26.02.2016, സ.ഉ(പി)നം.56/2017/ധന തീയതി 28.04.2017, സ.ഉ(പി)നം.112/2018/ധന തീയതി 21.07.2018, സ.ഉ(അച്ചടി) നം.81/2019/ധന തീയതി 09.07.2019 ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.10.2020 ലെ തീരുമാനം നം 1,2,3,4 പ്രകാരം (അജണ്ട 2) ഡ്രൈവർ, ആരോഗ്യഗ്രാമത്തിലെ ഹെൽത്ത് ക്ലബിന്റെ കെയർടേക്കർ, കല്യാണമണ്ഡപത്തിലെ മൈക്ക് ഓപ്പറേറ്റർ, കാഷ്വൽ സ്വീപ്പർ എന്നിവരെ താത്കാലികമായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിന്, മേൽ ഉത്തരവുകൾ പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതുണ്ട്. കൂടാതെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. സർക്കാർ അനുമതി ലഭ്യമാകാതെ ഗ്രാമപഞ്ചായത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുണ്ടായ സാഹചര്യം വിശദമാക്കുവാനറിയിച്ചു ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-52 ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിന് അംഗീകാരം ലഭ്യമായിട്ടില്ല

കോവിഡ് മഹാമരിയുടെ പശ്ചാത്തലത്തിൽ 2020-21 ൽ വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്നതിന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളെ ഭരണസമിതി തിരഞ്ഞെടുത്തിരിക്കുന്നു. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം വ്യക്തിഗതാനുകൂല്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ഇതു സംബന്ധിച്ച് 19.4.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.3 ന് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഗ്രാമസഭകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന് അംഗീകാരം രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. വ്യക്തിഗതാനുകൂല്യങ്ങൾ നൽകിയ പദ്ധതികൾ നടപ്പാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥർ

ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-53 സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് മുൻപേ സ്മാർട്ട്ക്ലാസ് റൂം ഉപകരണങ്ങൾ വാങ്ങി.

പദ്ധതി നം.	S0259/21
പദ്ധതിയുടെ പേര്	ഗവ.എൽ.പി സ്കൂളിൽ സ്മാർട്ട്ക്ലാസിന് ഉപകരണം വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മിസ്ട്രസ്സ്
അടങ്കൽ	224000/-രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവ്	224000/-രൂപ
ബിൽ നംമ്പർ	1. 4/20-21,15.4.2020 Rs. 56000/- 2. 6/20-21,15.4.2020 Rs. 56000/- 3. 7/20-21,15.4.2020 Rs. 56000/- 4. 8/20-21,15.4.2020 Rs. 56000/-

2020-21 സമ്പത്തിക വർഷത്തിൽ (S0259/21) ഗവ.എൽ.പി സ്ക്കൂളിൽ സ്മാർട്ട് ക്ളാസിന് ഉപകരണം വാങ്ങൽ എന്ന പദ്ധതിയിൽ നാല് സ്ക്കൂളുകൾക്ക് സ്മാർട്ട് ക്ളാസ് ഉപകരണങ്ങൾ 224000/-രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്. ആയതിൽ കൊടവിളാകം ഗവ.എൽ.പി സ്ക്കൂളിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്മാർട്ട് ക്ളാസിന് വാങ്ങിയ ഉപകരണങ്ങൾ നിലവിൽ ക്ളാസ് റൂമിന്റെ അപര്യാപ്തത മൂലം പ്രവർത്തന സ്ജ്ജമാക്കിയിട്ടില്ല. 2016-17ൽ എം.എൽ.എ ഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ച സ്മാർട്ട് ക്ളാസ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ സ്മാർട്ട് ക്ളാസ് ഉപകരണങ്ങളുടെ ആവശ്യം ഈ സ്ക്കൂളിന് ഉണ്ടായിരുന്നില്ല എന്ന് മനസിലാക്കാൻ കഴിഞ്ഞു. വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ വച്ചിരുന്നാൽ അവ നശിച്ചു പോകുകയും , ചെലവഴിച്ച തുക നഷ്ടമാകുകയും ചെയ്യുന്നതാണ്. സ്മാർട്ട് ക്ളാസ് റൂം ഉപകരണങ്ങൾ ആവശ്യമില്ലാതിരുന്നിട്ടും സ്കൂളിന് വേണ്ടി ഉപകരണങ്ങൾ വാങ്ങി നൽകിയതിന് കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് എൻകൂയറിക്ക്(നം.49, തീയതി26.4.2022), സ്കൂളിൽ കൂടുതൽ കുട്ടികൾ എത്തി ചേർന്നപ്പോൾ അഡീഷണൽ ക്ളാസ് റൂം ആവശ്യമായി വന്നതിനാലാണ് പദ്ധതി വച്ച് സ്മാർട്ട് ക്ളാസ് ഉപകരണങ്ങൾ വാങ്ങിയതെന്നും , ക്ളാസ് റൂമുകൾ അടച്ചുറപ്പില്ലാതെ ചോരുന്നവയായതിനാൽ പ്രത്യേകം സൂക്ഷിച്ചു വയ്ക്കുകയായിരുന്നുവെന്നും, പുതിയ ക്ളാസ് റൂം പൂർത്തിയാകുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥിരമായി സ്ഥാപിക്കുമെന്നാണ് മറുപടി തന്നത്. സ്മാർട്ട് ക്ളാസ്സ് കെട്ടിടം ഇല്ലാതെ ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കാതെ വച്ചിരിക്കുന്നത് ഫണ്ടിന്റെ ദുർവിനിയോഗമായി ഓഡിറ്റ് കാണുന്നു. വ്യക്തമായ ആസൂത്രണവും പദ്ധതിയുടെ ആവശ്യകതയും മനസിലാക്കാതെ പദ്ധതി ആവിഷ്ക്കരിച്ച് ഫണ്ട് പാഴാക്കി കളയാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-54 വെറ്റിനറി സർജൻ- പദ്ധതി ഫണ്ടിൽ നിന്നും അധികം ചെലവ് ചെയ്ത തുക -211000 അടയ്ക്കേണ്ടതാണ്.

പദ്ധതി നം.	S0227/21
പദ്ധതിയുടെ പേര്	കോഴി വളർത്തൽ(സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ
അടങ്കൽ	269000/- പൊതുവിഭാഗം

ചെലവ്	269000/-
ബിൽ നം.	1. 4/20-21, 15.04.2020 Rs.112000/- 2. 5/20-21, 15.04.2020 Rs.157000/-
ഗുണഭോകതൃവിഹിതം	80000/- (ചെക്കുനം. SB/XY No.1787322 , തീയതി15/10/2020)

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ S0028/20 കോഴി വളർത്തൽ പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പാക്കുക ഉണ്ടായി (S0227/21). പ്രസ്തുത പദ്ധതികളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	2019-20	**2020-21**	**ആകെ**
ഗുണഭോക്താക്കൾ	786	80	866
ഗുണഭോകതൃവിഹിതം ഈടാക്കിയത്	786*500 393000/-	80*500 40000/-	433000/-
ജനറൽ ഫണ്ട് ചെലവഴിച്ചത്.	375000/-	269000/-	644000/-
ഗുണഭോകതൃവിഹിതം ചെലവഴിച്ചത്	142000/-	80000/-	222000/-

സബ്സിഡി മാർഗ്ഗ രേഖ സ.ഉ (കൈ)നം22/2018 തസ്വഭവ ഖണ്ഡിക 6.2 പ്രകാരം കോഴി വളർത്തൽ പദ്ധതികളുടെ ആകെ ചെലവ് തുകയുടെ 50% ഗുണഭോക്തൃവിഹിതത്തിൽ നിന്നാണ് ചെലവാക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്ത് കോഴി വളർത്തൽ പദ്ധതിയിൽ ജനറൽ ഫണ്ടിൽ നിന്നും അധികമായി 211000/-രൂപ ചെലവഴിച്ചിരിക്കുന്നു. സർക്കുലർ നിർദ്ദേശ പ്രകാരം

ജനറൽ ഫണ്ട് ചെലവാക്കേണ്ടിയിരുന്നത് =433000/-

ജനറൽ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ചത് 644000-433000=211000/-

ഗുണഭോകതൃവിഹിതം ചെലവഴിക്കാതെ ബാക്കി നിൽക്കുന്നത് 433000-222000=211000/-

പദ്ധതി വിഹിതത്തിൽ നിന്നും അധിക ചെലവ് ഉണ്ടായത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം.51) മറുപടി ലഭ്യമായില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി തനത് അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള 211000/-രൂപ അടിയന്തിരമായി പ്ളാൻ ഹെഡിൽ ട്രഷറിയിൽ ഒടുക്കിയ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-55 കന്നുക്കുട്ടി പരിപാലനം പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 375000/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം.	S0046/21
പദ്ധതിയുടെ പേര്	**കന്നുക്കുട്ടി പരിപാലനം**
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ
അടങ്കൽ	750000/-
ചെലവ്	375000/-
ബിൽ നം.	29/20-21,27.3.2021 Rs.375000/-

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണംനടത്തിയ കന്നുകുട്ടി പരിപാലനം പദ്ധതി 4 മുതൽ 6 വരെ പ്രായമുള്ള കന്നുകുട്ടികളുള്ള ക്ഷീരകർഷകർക്കാണ്

പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുകയും ക്ഷീര സഹകരണസംഘങ്ങൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് വേണ്ട കാലിതീറ്റ നൽകുകയും ചെയ്യുന്നു. മേൽ പദ്ധതിയുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.43,തീയതി.27.04.2022) മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിനിയോഗരേഖകൾ ഹാജരാക്കാത്തതിനാൽ 375000/- രൂപ തടസ്സപ്പെടുത്തുന്നു.

1-56 എ ബി സി പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 98700/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം.	S0044/21
പദ്ധതിയുടെ പേര്	ABC **പദ്ധതി**
നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജൻ
അടങ്കൽ	100000/- പൊതുവിഭാഗം
ചെലവ്	98700/-
ബിൽ നം.	10/20-21, 28.09.2020 Rs.98700/-

ഗ്രാമപഞ്ചായത്തിലെ അലഞ്ഞു തിരിയുന്ന 47 തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതിലേക്കായി നായ ഒന്നിന് 2100 രൂപ വകയിരുത്തി തുക മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് 98700/-രൂപ കൈമാറി. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ സർജറി സംബന്ധിച്ച രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്.

മേൽ പദ്ധതി നടപ്പിലാക്കിയ ജില്ലാ കുടുംബശ്രി മിഷന്റെ ഗോൾഡ് മീ ഗ്രൂപ്പിന്റെ രജിസ്റ്റർ ഉൾപ്പെടെയുള്ള മേൽ സർക്കുലർ പ്രകാരമുള്ള ചെലവുകളുടെ രേഖകൾ ഹാജരാക്കാനായി നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക്(നം.4,തീയതി: 27.04.2022) മറുപടി നൽകിയില്ല. പദ്ധതിയുടെ എല്ലാ ചെലവ് രേഖകളും, വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 98700/- രൂപ തടസ്സപ്പെടുത്തുന്നു.

1-57 വായ്പ വായ്പാ തിരിച്ചടവ് - രജിസ്റ്റർ പരിപാലിക്കുന്നില്ല

ലൈഫ് ഭവനപദ്ധതിയ്ക്കായി ഹഡ്കോ വായ്പയിനത്തിൽ ലഭിക്കുന്ന തുകയുടെവിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാനാ യിട്ടില്ല. കൂടാതെ ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്ചുവടെ ചേർക്കുന്നു

വായ്പയുടെ പേര്/ ഉദ്ദ്യേശ്യം	ഉത്തരവ് നം./ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക	തിരിച്ചടയക്കാൻ ബാക്കിയുള്ള തുക

Secured Loan	ലഭ്യമല്ല	71351832	18660000	6838705	79841295

സുലേഖ പത്രിക പ്രകാരം തൻവർഷം വായ്പയിനത്തിലെ തിരിച്ചടവ് 6838705/- രൂപ (ജി.ഒ പ്രോജക്ടുകൾ) ആണ്. മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പുകൾ മാത്രമാണ് ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നത്. വായ്പ രജിസ്റ്ററുകൾ കാലികമായി തയാറാക്കി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	പദ്ധതിയുടെ പേര്	അടങ്കൽ	ചെലവ്
ജില്ലാ പഞ്ചായത്ത്	2020-21	ഹരിത ഭവനം	162032	162032
		നെൽകൃഷി വികസനം കേദാരം	25500	25500
		ലൈഫ് ഭവന നിർമാണം ജനറൽ	3263109	1480000
		ന്യൂ ലൈഫ് കോളനി നവീകരണം ജനറൽ	160000	160000
		ന്യൂലൈഫ് കോളനി നവീകരണം എസ്.സി.പി	180000	180000
		സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	527250	434625

		ക്ഷീര സമൃദ്ധി പാലിന് സബ്സിഡി	600000	240000
ആകെ				2682157
ബ്ലോക്ക് പഞ്ചായത്ത്	2020-21	നെൽകൃഷി വികസനം കേദാരം	25500	25500
		ജലശ്രീ കിണർ റീചാർജ്	72000	72000
		ലൈഫ് ഭവന നിർമാണം ജനറൽ	2161040	560000
		ന്യൂ ലൈഫ് കോളനി നവീകരണം ജനറൽ	260000	260000
		ഭവനനിർമാണം ലൈഫ് എസ്.സി.പി	1000000	880000
		ന്യൂലൈഫ് കോളനി നവീകരണം എസ്.സി.പി	270000	270000
		ഭവനനിർമാണം ലൈഫ് ജനറൽ	1121040	1120000
		സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	195750	195750
		സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	527250	434625
		ക്ഷീര സമൃദ്ധി പാലിന് സബ്സിഡി	600000	526876
ആകെ			7392580	4344751

എ.എഫ്.എസ് പ്രകാരം

സ്ഥാപനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ് (സുലേഖ പ്രകാരം)	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	1714290	2149001	3863291	4344751	1474290
ജില്ലാപഞ്ചായത്ത്	854720	2682157	3536877	2682157	854720

4-2 നിക്ഷേപപ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2020-21സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	നൽകിയ തുക	ചെലവഴിച്ച തുക	തിരികെ ലഭിച്ച തുക

*കെ.എസ്.ഇ.ബി(40/21)	ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്	271312	# 271312	0
കെ.എസ്.ഇ.ബി(45/21)	വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ	296381	# 296381	0
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	കുഴൽകിണർ നിർമാണം	139000	# 139000	0
കേരള വാട്ടർ അതോറിറ്റി (401/21)	ജലജീവൻ മിഷൻ	1212565	# 1212565	0

*തൻവർഷം കെ.എസ്.ഇ.ബിയ്ക്ക് ഡെപ്പോസിറ്റിനത്തിൽ നൽകിയത് 567693/- രൂപയാണ്. പ്രസ്തുത തുകയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ B18 ഷെഡ്യൂളിൽ നീക്കിയിരിപ്പായി 3684462/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസമുള്ള തുക 3116769/- രൂപ ഏതിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് നൽകിയതാണെന്ന വിവരം ലഭ്യമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

കുറിപ്പ്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല.
**ഡെപ്പോസിറ്റായി വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ തുകയും B-18 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുന്നില്ല.

	മുന്നിരിപ്പ്	നൽകിയ തുക	നീക്കിയിരിപ്പ്
B-18 പ്രകാരം	253000	28665	281665

എന്നാൽ 401/21 പ്രകാരം വാട്ടർ അതോറിറ്റിക്ക് നൽകിയ തുക 1212565/- RP ഷെഡ്യൂളിൽ മുൻകൂർ നൽകിയതായി രേഖപ്പെടുത്തുകയോ B-18-ൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ /വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പ്രകാരമുള്ളത് ചുവടെചേർക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദ്യേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക(സുലേഖ പ്രകാരം)	തിരിച്ചടയക്കാൻ ബാക്കിയുള്ള തുക
Secured Loan	71351832	18660000	6838705	79841295

ലൈഫ് ഭവനപദ്ധതിയ്ക്കായി ഹഡ്കോ വായ്പയിനത്തിൽ ലഭിക്കുന്ന തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. കൂടാതെ ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സുലേഖ പത്രിക പ്രകാരം തൻവർഷം വായ്പയിനത്തിലെ തിരിച്ചടവ് (ജി.ഒ പ്രോജക്കുകൾ) ആണ്. (ഖണ്ഡിക 1.57 കാണുക)

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	3,62,20,621
വരവ്	17,53,47,326
ആകെ	21,15,67,947
ചെലവ്	18,73,63,526
നീക്കിയിരിപ്പ്	2,42,04,421
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	64,62,734

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	
1-21	3,00,000	ശ്രീമതി അജിതകുമാരി എ.വി, അസിസ്റ്റന്റ് സെക്രട്ടറി	
1-23	8,00,000	ശ്രീ. ഹരി. ജി.എസ്, സെക്രട്ടറി	
1-30	3,85,583	ശ്രീ. ചന്ദ്രലാൽ, സെക്രട്ടറി	
1-31	90,000	ശ്രീ. ഹരി. ജി.എസ്, സെക്രട്ടറി	
1-32	34,56,398	17,92,426	ശ്രീ. ചന്ദ്രലാൽ, സെക്രട്ടറി
		4,29,551	ശ്രീ. ഹരി. ജി.എസ്, സെക്രട്ടറി
		12,34,421	ശ്രീമതി അജിതകുമാരി എ.വി, സെക്രട്ടറി ഇൻ ചാർജ്ജ്
1-33	12,437	ഡോ. കെ.പി. സിന്ധുറാണി, മെഡിക്കൽ ഓഫീസർ ആയുർവ്വേദം	

1-34	1,68,900	ശ്രീ. ഹരി. ജി.എസ്, സെക്രട്ടറി	
1-43	28,022	ശ്രീ. ചന്ദ്രലാൽ, സെക്രട്ടറി	
1-44	2,93,126	ശ്രീ. ഹരി. ജി.എസ്, സെക്രട്ടറി	
1-45	4,54,568	9,904	ശ്രീ. ചന്ദ്രലാൽ, സെക്രട്ടറി
		4,18,297	ശ്രീ. ഹരി. ജി.എസ്, സെക്രട്ടറി
		26,367	ശ്രീമതി അജിതകുമാരി എ.വി, സെക്രട്ടറി ഇൻ ചാർജ്ജ്
1-55	3,75,000	ഡോ. അനി ബ്രിസ്കില്ല, വെറ്ററിനറി സർജൻ	
1-56	98,700	ഡോ. അനി ബ്രിസ്കില്ല, വെറ്ററിനറി സർജൻ	
ആകെ	**64,62,734**		

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ചന്ദ്രലാൽ, സെക്രട്ടറി		നാരായണീയം, മണ്ണറക്കുഴി, ചൊവ്വള്ളൂർ (01.04.2020 – 3.8.20)
ശ്രീ. ഹരി ജി.എസ്, സെക്രട്ടറി		റ്റി.സി.8/48, ഹരി ഭവൻ, നിയർ വി.എം.മിൽ, തിരുമല
ശ്രീമതി അജിതകുമാരി എ.വി, അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി, പാറശ്ശാല ഗ്രാമ പഞ്ചായത്ത്	വത്സല ഭവൻ, കീഴത്തോട്ടം, പരശുവയ്ക്കൽ. പി.ഒ. പാറശ്ശാല
ഡോ. അനി ബ്രിസ്കില്ല, വെറ്ററിനറി സർജൻ	വെറ്ററിനറി സർജൻ, പാറശ്ശാല ഗ്രാമ പഞ്ചായത്ത്	സോണി കോട്ടേജ്, ബാലരാമപുരം, ബാലരാമപുരം. പി.ഒ.
ഡോ. കെ.പി. സിന്ധുറാണി, മെഡിക്കൽ ഓഫീസർ ആയുർവ്വേദം	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം പാറശ്ശാല ഗ്രാമ പഞ്ചായത്ത്	ആരാമം, മോപ്പുകര, മലയിൻകീഴ്, മലയിൻകീഴ്. പി.ഒ.

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം
2000-01	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	7
2002-03	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	9
2003-04	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	2
2004-05	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	3
2005-06	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	1
2006-07	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	1
2007-08	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	5
2008-09	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	5
2009-10	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	9
2010-11	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	18
2011-12	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	13
2012-13	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	14
2013-14	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	5
2014-15	കെ.എസ്.എ.ടിവി.എം.ജി.പി1/883/2018 തീയതി.07.05.18	6
2015-16	കെ.എസ്.എ.ടിവി.എം.ജി.പി1/2107/2016 തീയതി.06.05.17	10
2016-17	കെ.എസ്.എ.ടിവി.എം.ജി.പി1/1704/2017 തീയതി.20.04.18	13
2017-18	കെ.എസ്.എ.റ്റി.വി.എം.ജി.പി.1/234/2018 തീയതി 03.04.2019	36
2018-19	കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2195/2019 തീയതി 04.03.2020	35
2019-20	കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2195/2019 തീയതി 04.03.2020	38

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്.

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്